# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക


ഉൾപ്പേജുകളിൽ


| | |
|---|---|
| ◆ ഉഷസ്സിൽ ആനന്ദഘോഷം | 2 |
| ◆ ബാഗ്‌രി/റോബോട്ടുകൾ | 3 |
| ◆ വന്ന വഴികൾ | 4 |
| ◆ മഹത്വത്തിൽ/ക്വിസ് | 5 |
| ◆ ചിന്ത/വാർത്തകൾ | 6 |



Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 36 17 ജനുവരി 2015 പുസ്തകം 37 ലക്കം 36 പേജ് 6


# അനുസരണക്കേടിന്റെ ദുഃഖം

**സി.വൈ. വറുഗീസ്, കോട്ടപ്പടി**

**അ**നുസരണക്കേടിന്റെ ദുഃഖവും വേദനയും മനുഷ്യ വർഗ്ഗത്തിൽ തളം കെട്ടി നിൽക്കുന്ന കാഴ്ചയാണ് എവിടെയും കാണ്മാൻ കഴിയുന്നത്. റോമ. 3:10– "നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല– ഗ്രഹിക്കുന്നവൻ ഇല്ല; ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല." എല്ലാവരും അനുസരണം കെട്ടവരെന്നാണ് ഇവിടെ കാണ്മാൻ കഴിയുന്നത്.

അനുസരണക്കേടിന്റെ ഉത്ഭവം ഏദെൻ തോട്ടത്തിലത്രെ. ഉല്പ. 2:17– എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും. ഇത് യഹോവയായ ദൈവം മനുഷ്യനോട് കല്പിച്ചതത്രേ. ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി അവിടെ വേല ചെയ്ത് തോട്ടം കാത്തു സുഖമായി ജീവിപ്പാനത്രെ ആക്കിയത്. എന്നാൽ അനുസരണക്കേടു നിമിത്തം ദുഃഖത്തിന് അധീനനായി തീർന്ന മനുഷ്യനെയാണ് ഉല്പത്തിയിൽ നാം കാണുന്നത്. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണങ്ങളൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതെന്നും യഹോവ കണ്ടു. ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിന് ദുഃഖമായി...." (6:5,6).

ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കി മനുഷ്യന്റെ അനുസരണക്കേടു നിമിത്തം ദൈവത്തിന് ദുഃഖം വരുവാൻ കാരണമായി താൻ അനുതപിച്ചു എന്നു നാം കാണുന്നു. "ദൈവം നോഹയോട് കല്പിച്ചതെന്തന്നാൽ സകല ജഡത്തിന്റെയും അവസാനം എന്റെ മുമ്പിൽ വന്നിരിക്കുന്നു. ഭൂമി അവരാൽ അതിക്രമം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ അവരെ ഭൂമിയോടു കൂടെ നശിപ്പിക്കും"( 6:13). ഇത് അനുസരണക്കേടിന്റെ ശിക്ഷയത്രെ. അനുസരണക്കേടിന്റെ ദുരന്തം ഏതു കാലത്തും വേദനാജനകവും ഉന്നതിക്കു തടസ്സവുമാണ്.

ഇന്ന് നോഹയുടെ കാലഘട്ടത്തിന് തുല്യമായി ഭൂമി അനുസരണക്കേടിന്റെ വിളനിലമായിരിക്കുന്നു. മനുഷ്യജാതി അനുസരണം കെട്ട വർഗ്ഗമായി മാറിക്കഴിഞ്ഞിരിക്കയാണ്. ദൈവത്തെ ഭയമൊ ദൈവവചനം കേട്ടനുസരിപ്പാനോ മനസ്സില്ലാത്തവരായിത്തീർന്നിരിക്കുന്ന ഒരു കാലം. "അവൻ പറഞ്ഞത്– ചിലർ സമ്മതിച്ചു. ചിലർ സമ്മതിച്ചില്ലാ– അവർ തമ്മിൽ യോജിക്കാതെ പിരിഞ്ഞു പോകുമ്പോൾ– നിങ്ങൾ ചെവി കൊണ്ടു കേട്ടിട്ടും ഗ്രഹിക്കാതിരിക്കും കണ്ണുകൊണ്ട് കണ്ടിട്ടും കാണാതിരിക്കും കണ്ണു കൊണ്ട് കാണാതെയും ചെവികൊണ്ട് കേൾക്കാതെയും ഹൃദയം കൊണ്ട് ഗ്രഹിച്ച് മനംതിരിയാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന് ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു" (പ്രവൃ. 28: 24–26). അനുസരണക്കേടു നിമിത്തം വന്നിരിക്കുന്ന ദുഃഖത്തിന്റെ അനുഭവമത്രെ ഇത്.

> **ദൈവഭയമില്ലാത്തിടത്ത് അനുസരണം ഉണ്ടാവില്ല; അവിടെ പാപം വാഴുന്നു; മരണം നൃത്തം ചെയ്യുന്നു. മരണത്തിനും ജീവനും മധ്യേ ഒരു ഞാണിന്മേൽകളി വേണ്ടെന്നു ലേഖകൻ മുന്നറിയിപ്പു നൽകുന്നു.**

ദൈവത്തിന്റെ ദാസൻ പൗലോസ്, തന്റെ ലേഖനത്തിൽ കൂടി വിശ്വാസികൾക്കും മറ്റനേകർക്കും ഗുണം വരുവാൻ വേണ്ടി എഴുതിയ സന്ദേശം ശ്രദ്ധേയവും കുറിക്കൊള്ളുവാൻ മതിയായതുമത്രെ. 2 തിമൊ. 3:1–5 വരെ അനുസരണക്കേടിന്റെ ഈ കാലഘട്ടത്തിനുള്ള ദൂതത്രെ. അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നുള്ള സംബോധനയാൽ ഒട്ടേറെ സത്യങ്ങൾ ശക്തമായി ഓർപ്പിക്കയാണ്. മനുഷ്യരെക്കുറിച്ച് പറയുന്നത് മനുഷ്യർ സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, വമ്പ് പറയുന്നവർ, അഹങ്കാരികൾ ദൂഷകന്മാർ, അമ്മയപ്പന്മാരെ അനുസരിക്കാത്തവർ, അശുദ്ധർ.... ഇങ്ങനെ അനുസരണം കെട്ടവരുടെ ഒരു പട്ടിക തന്നെ നമുക്ക് ശ്രദ്ധിപ്പാൻ കഴിയുന്നു. ദൈവപ്രിയമില്ലാതെ ഭക്തിയുടെ വേഷധാരികൾ– ഇവരോടുള്ള സമീപനരീതി ഏതു നിലയിൽ ആയിരിക്കേണം എന്ന് നമ്മെ ഓർപ്പിക്കുന്നു.

റോമ. 1:30,31 : "ഏഷണിക്കാർ ദൈവദ്വേഷികൾ നിഷ്ഠുരന്മാർ, ഗർവ്വിഷ്ടന്മാർ ആത്മപ്രശംസക്കാർ പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ...." ഇവിടെയും അനുസരണം കെട്ടവരുടെ ചിത്രമത്രെ കാണ്മാൻ കഴിയുന്നത്. എബ്രാ. 4:11– "അതുകൊണ്ട് ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതിരിക്കേണ്ടതിന് നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്കുക."

നമ്മുടെതായ ഉത്സാഹത്തിന്റെ തീവ്രതയിൽ വചനസത്യങ്ങൾ അനുസരിക്കുവാനുള്ള ആവശ്യബോധം നമുക്കുണ്ടായേ മതിയാവൂ. ഫിലി. 3:16– 'എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം' എന്നുള്ളത് വിലയുള്ളതും അനുസരിക്കുന്നവർക്ക് അനുഗ്രഹവും ആയതത്രെ.

റോമ. 12:1,2,3 ശ്രദ്ധിക്കുക: നമ്മുടെതായ വ്യക്തി ജീവിതാനുഭവങ്ങളിൽ നമ്മുടെ ശരീരവും മനസ്സും ദൈവത്തിന് പ്രസാദം വരുമാറ് യാഗമായി സമർപ്പിക്കുവാൻ പറയുന്നു. നാം ഏവരും പോരായ്മ മനസ്സിലാക്കി മനസ്സു പുതുക്കി രൂപാന്തരത്തിന്നായി സമർപ്പിക്കപ്പെട്ടേ മതിയാവൂ. അതത്രെ അനുസരണത്തിന്റെ മൂല്യത. സഹോദരന്മാരെ എന്ന സംബോധനയിൽ വിശ്വാസികളായ സഹോദര വർഗ്ഗം എല്ലാവരും ഉൾപ്പെടും. "ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങ ളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ." ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന് വിശ്വാസത്തിന്റെ അളവ് പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്ന് ഞാൻ എനിക്ക് ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു" ഈ ഭാഗത്ത് വിവരിക്കപ്പെട്ടിരിക്കുന്നത് വളരെ ആഴമായി തന്നെ ശ്രദ്ധിക്കപ്പെടേണ്ടവയും അനുസരിക്കേണ്ടവയും ആകുന്നു. ഒന്നാമത് നാം നമ്മുടെ അനുദിന ജീവിതം ബുദ്ധിയുള്ള ആരാധനയായി സമർപ്പിക്കുക, അനുസരിക്കുക– രണ്ടാമത്, ലോകത്തിന് അനുരൂപരാകാതിരിപ്പാനായി നമ്മെത്തന്നെ അനുദിനം സമർപ്പിക്കുക. ഈ കാര്യത്തിനും അനുസരണ മനോഭാവം ആവശ്യമത്രെ– മൂന്നാമത്, സത്യത്തിന്റെ പരിജ്ഞാനം പ്രാപിച്ച് മനസ്സു പുതുക്കി രൂപാന്തരപ്പെടുക. അതിനും അനുസരിക്കേണ്ടതുണ്ട്– നാലാമത് നമ്മുടെ ഭാവം കൊണ്ട് നമ്മുടെതായ ജീവിതമാർഗ്ഗം സാക്ഷ്യപ്പെടുത്തുക. ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതിരിപ്പാൻ നമ്മെ തന്നെ നിയന്ത്രിക്കുവാൻ ആവശ്യമുണ്ട്. മത്താ. 23:12 "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാ താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും."

ഈ തലമുറയിൽ നമ്മൾ അനുസരണക്കേടിനാൽ ദുഃഖം വരുത്തുന്നവരായിട്ടല്ലാ. അനുസരണത്താൽ അഭിവൃദ്ധിയും അനുഗ്രഹവും ആത്മിക പുരോഗതിയാൽ ദൈവനാമം മഹത്വപ്പെടുവാനും നമ്മെ ഏവരെയും "വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ."

ഈ നിലകളിൽ എണ്ണിത്തീർക്കാൻ കഴിയാത്ത വിധത്തിലുള്ള അനുഗ്രഹിക്കപ്പെട്ട സന്ദേശങ്ങൾ വചനത്തിലൂടെ നൽകപ്പെട്ടിരിക്കുന്നു– അനുസരിച്ച് ഈ നാളുകളിൽ ഒരുങ്ങി കാത്തിരിക്കാം. നാം ഏവരും അനുസരിക്കുന്ന മക്കളെന്ന നിലയിൽ നമ്മുടെ ദൈവമായ കർത്താവ് സന്തോഷിപ്പാനും പ്രശംസിപ്പാനും ഇടവരട്ടെ– അനുസരിക്കാത്തവരായി തീരാതിരിപ്പാനായി ദിനം തോറും ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടാം. അനുദിനം മാനസാന്തരപ്പെടാം. ●

## വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റ് ദൈവജനത്തിന്റെ അടിയന്തര പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിക്കുന്നത്

**ദൈ**വകൃപയാൽ വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ചെയ്തുവരുന്ന വിവിധ ശുശ്രൂഷകൾ അനുഗ്രഹകരമായി തുടർന്നുകൊണ്ടിരിക്കുന്നു എന്നത് സ്തോത്രത്തിനായി അറിയിച്ചുകൊള്ളുന്നു. പ്രാർത്ഥനയിൽ പോരാടിയും സാമ്പത്തിക സഹായം നൽകിയും വിവിധ നിലകളിൽ പ്രവർത്തനങ്ങളിൽ പങ്കെടുത്തും സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ദൈവമക്കളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

2014 സെപ്റ്റംബർ 1–ന് വെസ്റ്റ് ബംഗാളിന്റെ തെക്കൻ മേഖലയിൽ ആരംഭിച്ച പ്രവർത്തനം ഇതിനോടകം നാലു ജില്ലകളിൽ പൂർത്തിയാക്കി. കർത്താവനുവദിച്ചാൽ തെക്കൻമേഖലയിൽ ഉൾപ്പെട്ട 13 ജില്ലകളിൽ 2015 നവംബർ വരെയും തുടർന്ന് ടീം വടക്കൻ മേഖലയിൽ ഉൾപ്പെട്ട ഏഴു ജില്ലകളിലും പ്രവർത്തിക്കും. എട്ടുപേരിൽ കുറയാത്ത ഒരു ടീമാണ് ഓരോ ദിവസവും ഗ്രാമങ്ങളിലേക്ക് പോകുന്നത്. രാവിലെ 8 മുതൽ വൈകുന്നേരം 4.30 വരെയാണ് പ്രവർത്തനം. 10 മുതൽ 15 വരെ ഗ്രാമങ്ങൾ ഓരോ ദിവസവും സന്ദർശിച്ച് സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുന്നു. ഏകദേശം നൂറിൽ കുറയാത്ത ഗ്രാമവാസികൾ ഓരോ ഗ്രാമത്തിലും സുവിശേഷം കേൾക്കുവാൻ കൂടിവരുന്നു. ധാരാളം ട്രാക്റ്റുകളും, സുവിശേഷപ്രതികളും പുതിയ നിയമങ്ങളും, ബൈബിളുകളും വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്. ഇപ്പോൾ സെക്രട്ടറി രമേശ് എസ്. നായരുടെ നേതൃത്വത്തിലുള്ള ടീം ഹുഗ്ളി ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. ടീമംഗങ്ങളുടെ യാത്ര ചെലവുകൾ, ഭക്ഷണം, താമസം, വാഹനത്തിന്റെ ഇന്ധനം, മെയിന്റനൻസ് തുടങ്ങിയവയ്ക്കായി ഏകദേശം ഒരു ലക്ഷത്തോളം രൂപ മാസം തോറും ചെലവു വരുന്നു.

ആന്ധ്ര കാമ്പയിനോടനുബന്ധിച്ച് സുവിശേഷ വിരോധികൾ കൊടുത്തിരിക്കുന്ന കേസ് അനിശ്ചിതമായി തുടർന്നുകൊണ്ടിരിക്കുന്നു. ആന്ധ്രയിൽ നടക്കുന്ന കേസിന് കേരളത്തിൽ നിന്നുള്ള നാലു സഹോദരന്മാരും ആന്ധ്രയിൽ നിന്നുള്ള നാലു സഹോദരന്മാരും കേസിന്റെ ഓരോ അവധിക്കും കോടതിയിൽ ഹാജരാകേണ്ടിവരുന്നു. യാത്രാചെലവുകൾക്കും കേസ് നടത്തിപ്പിനും മറ്റുമായി ഒരു തുക ചെലവായിക്കൊണ്ടിരിക്കുന്നു. മൂന്നുലക്ഷം രൂപ ബോണ്ട് നൽകിയാണ് വാഹനം കോടതിയിൽ നിന്നും റിലീസ് ചെയ്ത് വാങ്ങിയിരിക്കുന്നത്. കേരളത്തിൽ വാളകം, തൃശ്ശൂർ എന്നീ യൂണിറ്റുകളുടെ ചുമതലയിലും, ട്രസ്റ്റിന്റെ നേതൃത്വത്തിലും സുവിശേഷ ക്യാമ്പുകൾ, ഏകദിന സമ്മേളനങ്ങൾ പ്രാർത്ഥനാ കൂടിവരവുകൾ എന്നിവ നടന്നു വരുന്നു. അവധിക്കാലങ്ങളിൽ ബൈ ബിൾ ക്യാമ്പുകളും യുവസഹോദരന്മാർക്കായി യൂത്ത് ക്യാമ്പുകളും നടക്കുന്നു. കൂടാതെ ചെറുപുസ്തകങ്ങളും ട്രാക്റ്റുകളും അച്ചടിച്ച് ഓഫീസ് വഴിയായി സൗജന്യമായി വിതരണം ചെയ്തു വരുന്നു. അനേകം സ്ഥലം സഭകളും സുവിശേഷകന്മാരും ഈ സേവനം പ്രയോജനപ്പെടുത്തിവരുന്നു. ഓഫീസ് വാടകയും അലവൻസുമായി എല്ലാ മാസവും ഒരു തുക ചെലവാകുന്നു.

ദൈവമക്കളുടെ നിർല്ലോഭമായ സാമ്പത്തിക സഹായവും നിരന്തരമായ പ്രാർത്ഥനയും സഹകരണവും കൊണ്ടുമാത്രമാണ് നാളിതുവരെ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുവാൻ സാധിച്ചിട്ടുള്ളത്. ഇപ്പോഴത്തെ നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുവാൻ ഓരോ മാസവും ഏകദേശം ഒരുലക്ഷത്തി അൻപതിനായിരം രൂപ ആവശ്യമായിരിക്കുന്നു. രണ്ടുമാസത്തെ പ്രവർത്തനത്തിനുള്ള പണം മാത്രമാണ് ഇപ്പോൾ നമ്മുടെ കൈവശം ബാക്കിയുള്ളത്.

നാം ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ ഇനിയും വർദ്ധിപ്പിക്കുകയല്ലാതെ നമ്മുടെ ചുവടുകൾ പിന്നോട്ടു വയ്ക്കുവാൻ പാടില്ല. കാരണം നമ്മുടെ കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങൾ നമ്മുടെ കൺമുമ്പിൽ നാം കാണുന്നു. സുവിശേഷത്തിന്റെ വാതിലുകൾ അടഞ്ഞുകൊണ്ടിരിക്കുന്നു. സുവിശേഷ വിരോധി


➢ശേഷം 2–ാം പേജിൽ



വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

**പ്രാർത്ഥനാസമ്മേളനം**

ബ്രദറൺ അസംബ്ലി ഹാൾ, പ്ലാവേലിൽ, കുമ്പഴ, പത്തനംതിട്ട *(കുമ്പഴയിൽ നിന്ന് 2 കിലോമീറ്റർ ദൂരത്ത് പ്ലാവേലിൽ ജംഗ്ഷന് സമീപം)*

2015 ജനുവരി 25 ഞായർ ഉച്ചയ്ക്ക് 3:30 ന്

വചനശുശ്രൂഷ : **വി.കെ. രഘു** (രാമങ്കരി)

സഹോദരന്മാർ കടന്നുവന്നു സംബന്ധിക്കുക...

പ്രൊഫ. എം.ജെ.കുര്യൻ

പ്രയർ കോ–ഓർഡിനേറ്റർ: ഫോൺ: 9495605722

**സുവിശേഷ ധ്വനി**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

**2015 ജനുവരി 17**

പുസ്തകം 37, ലക്കം 36

**സുവിശേഷ പ്രചരണം ക്രൈസ്തവ സഭയുടെ അവകാശം**

# മതവും രക്ഷകനും

"**നി**ങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" മർക്കൊസ് 16:15. ഇത് ക്രിസ്തുവിന്റെ അന്ത്യകല്പനയാണ്. ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുവാൻ ബാധ്യസ്ഥനായ ഒരു ക്രിസ്ത്യാനി അന്ത്യവും പ്രധാനവുമായ ഈ കല്പനയിൽ നിന്ന് ഒട്ടും ഒഴിവുള്ളവനല്ല. അത് ഒരു ക്രിസ്ത്യാനിയുടെ അവകാശവും കടമയുമാണ്. ഇത് ആർക്കും നിഷേധിക്കാനാകില്ല. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി ക്രിസ്ത്യാനി വ്യക്തിപരമായും സമൂഹമെന്ന നിലയിലും ഇതു ചെയ്തു വന്നിരുന്നു. അതു നിഷേധിക്കുന്നത് തങ്ങൾ വിശ്വസിക്കുന്ന ദൈവിക വ്യവസ്ഥയോടുള്ള മറുതലിപ്പാകും.

തെറ്റിധാരണ മൂലം സുവിശേഷീകരണത്തിന് വളരെയേറെ എതിർപ്പുണ്ടായിട്ടുണ്ട്. അത് മനുഷ്യന്റെ വീഴ്ച മുഖാന്തരമാണ്. സുവിശേഷം മാറ്റമില്ലാത്ത സത്യമാണ്. അതിനു യാതൊരു വ്യത്യാസവുമുണ്ടാകില്ല. ക്രിസ്തുവിന്റെ ത്യാഗമരണത്തിലൂടെയുള്ള മനുഷ്യന്റെ ആത്മരക്ഷയാണ് സുവിശേഷത്തിന്റെ അന്തസ്സത്ത. അത് പാപിയായ മനുഷ്യവർഗ്ഗത്തിനു വേണ്ടിയുള്ള മരണവും പ്രതിപകരയാഗവുമായി ക്രൈസ്തവ സഭ വിശ്വസിക്കുകയും അതുകൊണ്ടു തന്നെ അതു പ്രഘോഷിക്കുകയും ചെയ്യുന്നു.

ദൈവസ്നേഹത്തിന്റെ വെളിപ്പാടായ യേശുക്രിസ്തുവിന്റെ ക്രൂശുമരണം ലോകം മുഴുവൻ കാണണമെന്നും അറിയണമെന്നും ആഗ്രഹിച്ചുകൊണ്ടാണ് ആ സന്ദേശം തന്റെ ശിഷ്യന്മാരെ ക്രിസ്തു ഭരമേല്പിച്ചത്. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" എന്ന വചനപ്രകാരം ഈ ആത്മാവോടു കൂടി ഇതു കാണാത്തവൻ യഥാർത്ഥ ക്രിസ്ത്യാനിയല്ല. എന്തു ത്യാഗം സഹിച്ചും ദൈവസ്നേഹം ലോകത്തോട് അറിയിക്കുന്നതിൽ ഒരു ക്രിസ്തു വിശ്വാസി നിർബന്ധബുദ്ധിക്കാരനാകുന്നതിന്റെ പിന്നിലെ വികാരം ഇതാണ്.

സുവിശേഷം അറിയിക്കുന്നതിനോടുള്ള ബന്ധത്തിൽ അപ്പൊസ്തലനായ പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ഞാൻ കടക്കാരനാകുന്നു" "എന്നാൽ ആവോളം ഒരുങ്ങിയിരിക്കുന്നു" "എനിക്കു ലജ്ജയില്ല" "നിർബന്ധം എന്റെ മേൽ കിടക്കുന്നു" "സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം" "കാര്യം എങ്കൽ ഭരമേല്പ്പിച്ചിരിക്കുന്നു..." ഇങ്ങനെ പോകുന്നു തന്റെ മനോഗതി. നീറോ ചക്രവർത്തിയുടെ വാളിന്നിരയാകുന്നതുവരെ താൻ അതു ചെയ്തു പോന്നു.

ഇത് ഇന്ന് എങ്ങനെയോ മതപ്രചരണമോ മതപരിവർത്തനമോ ഒക്കെയായി മാറിയിരിക്കുന്നു. എന്നാൽ ഇത് സുവിശേഷ ഘോഷണവും മനഃപരിവർത്തനവും ആണ്. അത് മനുഷ്യന് പാപാന്ധകാരത്തിൽ നിന്നും അതിന്റെ ഘോരശിക്ഷയിൽ നിന്നുമുള്ള ഏകരക്ഷാമാർഗ്ഗം ആണ്. സുവിശേഷം മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നു; മനുഷ്യനെ സമാധാനത്തിൽ ആക്കുന്നു; നിത്യരക്ഷയിലേക്ക് നടത്തുന്നു എന്ന് ദൈവവചനം പറയുന്നു. ലോകം മുഴുവനും മാനസാന്തരപ്പെടുത്തുക ദൈവത്തിന്റെ ലക്ഷ്യമല്ല. ലോകം മുഴുവനും സുവിശേഷം എത്തിക്കുകയാണ് ലക്ഷ്യം. എല്ലാവരും മാനസാന്തരപ്പെടണം എന്നു ദൈവം ആഗ്രഹിക്കുന്നു എന്നത് ശരിയാണ്. എന്നാൽ എല്ലാവരും സുവിശേഷം അറിയണമെന്ന് ദൈവം നിർബന്ധിക്കുന്നു.

ലോകത്തിലെ എല്ലാ മതങ്ങൾക്കും ആചാരങ്ങളും അനുഷ്ഠാനങ്ങളും അവരവരുടേതായ ചില കല്പനകളും ഉണ്ട്. അതുപോലെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കുള്ള അവകാശവും പദവിയും ആണ് സുവിശേഷത്തിന്റെ പ്രചാരകരാകുക എന്നത്. അത് ആരും നിഷേധിച്ചു കൂടാ; ആർക്കും വിലക്കിക്കൂടാ. അത് ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവനാഡിയാണ്. ക്രിസ്ത്യാനിക്ക് ക്രിസ്തുവിന്റെ കല്പനയാണ് അത്- അന്ത്യവും പ്രധാനവുമായ കല്പന. അഥവാ മഹാ നിയോഗം. ഇത് അനുസരിക്കുന്നതിൽ നിന്ന് ആർക്കും ഒഴികഴിവില്ല. ആരെയും പിൻതിരിപ്പിക്കാനും ആവില്ല. കാരണം ഇത് മതമല്ല രക്ഷകനാണ്; മതപരിവർത്തനമല്ല, മാനസാന്തരമാണ്; മാനുഷിക നിർദ്ദേശമല്ല, ദൈവിക കല്പനയാണ്. അതുകൊണ്ടു തന്നെ മതത്തിന്റെ ചങ്ങലയ്ക്കും മാനുഷിക കൈക്കരുത്തിനും അതീതമാണ്. ആകയാൽ സുവിശേഷത്തിനോ ബന്ധനമില്ല.

**ചീഫ് എഡിറ്റർ**

---

*"സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു" (സങ്കീ. 30:5).*

# ഉഷസ്സിൽ ആനന്ദഘോഷം

**കെ.എൻ. തോമസ്, ചേപ്പാട്**

**ന**മ്മുടെ ആദ്യമാതാപിതാക്കന്മാരായ ആദാം ഹവ്വമാർ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെട്ടപ്പോൾ തുടങ്ങിയതാണ് മനുഷ്യവർഗ്ഗത്തിന്റെ അന്ധകാരം. രാഷ്ട്രീയ, മത, സാമൂഹിക മണ്ഡലങ്ങളിൽ അന്ധകാരത്തിന്റെ ക്രൗര്യം ഏറി വന്നു. അന്ധകാരത്തിലേക്കു അധഃപതിച്ച മനുഷ്യവർഗ്ഗത്തെ വെളിച്ചത്തിലേക്കു കൈ പിടിച്ചുയർത്തുവാൻ ദൈവപുത്രനെ മതത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പ്രതിനിധികൾ ഒരുമിച്ചു നിന്ദിച്ചു ത്യജിച്ചു, ക്രൂശിച്ചു; ജീവനായകനെ കൊന്നു കളഞ്ഞു. സന്ധ്യ അർദ്ധരാത്രിയിലേക്കു വളർന്നു.

**രാഷ്ട്രീയ അന്ധകാരം**

നിരപരാധികളായ കുവൈറ്റ് ജനതയെ ഇറാക്ക് ആക്രമിച്ച് പിടിച്ചടക്കിയത്, അഫ്ഗാനിസ്ഥാൻ, യുഗോസ്ലേവിയാ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ പ്രതിസന്ധികൾ, ദക്ഷിണാഫ്രിക്കയിലെ നാട്ടുകാരായ കറുത്തവരുടെ പ്രശ്നം, ചൈനയിലെ പ്രബുദ്ധരായ വിദ്യാർത്ഥികൾക്ക് തങ്ങൾ ആഗ്രഹിക്കുന്ന പൗരസ്വാതന്ത്ര്യത്തിലേക്ക് കടന്നു വരാൻ കഴിയാത്തത്. ഒടുവിൽ

> **ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കേണ്ട വിശ്വാസികൾ തന്നെ 'അഹം' എന്ന ഭാവത്താലും സ്വാർത്ഥ താല്പര്യങ്ങളാലും എത്രയോ ഇരുളായിപ്പോയി! ഭിന്നത, തേജോവധം എന്നിവ എത്രയോ വർദ്ധിച്ചിരിക്കുന്നു.**

നമ്മുടെ സ്വന്തം നാട്ടിൽ പഞ്ചാബ്, കാശ്മീർ, ആസ്സാം, ആന്ധ്രാ മുതലായ സംസ്ഥാനങ്ങളിൽ പൊട്ടിപുറപ്പെട്ടു വളർന്നു വരുന്ന ഭീകര- മാവോയിസ്റ്റ് പ്രവർത്തനങ്ങൾ. ഇവയെല്ലാം രാഷ്ട്രീയന്ധകാരത്തിന്റെ സൂചനകൾ മാത്രം. ശക്തന്മാർ കിണഞ്ഞു പരിശ്രമിച്ചിട്ടും തീരാത്ത പ്രശ്നങ്ങൾ.

**സാമൂഹിക അന്ധകാരം**

സമൂഹത്തിൽ കൊല, കൊള്ള, ബലാൽസംഗം, അക്രമം, ആത്മഹത്യ ഭരണതലത്തിൽ അഴിമതി മുതലായ അന്ധകാരശക്തികൾ വളർന്നു കൊണ്ടേയിരിക്കുന്നു. ആരും എത്ര ശ്രമിച്ചിട്ടും നിർമ്മാർജ്ജനം ചെയ്യാൻ കഴിയാതെ നിലകൊള്ളുന്നു.

**മത അന്ധകാരം**

കയീൻ തന്റെ അനുജനായ ഹാബേലിനെ യാതൊരു പ്രകോപനവും കൂടാതെ കൊന്നത് മതത്തിന്റെ- ആരാധനയുടെ പേരിൽ ആയിരുന്നു. അന്നുള്ള തൈയ് വളർന്ന് പടർന്നു പന്തലിച്ച് മഹാശക്തിയായി തീർന്നിരിക്കുന്നു. അന്നും ഒരുവൻ ഒരു സഹോദരനെ കൊന്നുവെങ്കിൽ ഇന്നു ഒരുവൻ എത്രയോ സഹോദരന്മാരെ കൊല്ലുന്നു! ലോകത്തിൽ ജ്യേതിസ്സുകളെപ്പോലെ പ്രകാശിക്കേണ്ട വിശ്വാസികൾ തന്നെ 'അഹം'എന്ന ഭാവത്താലും സ്വാർത്ഥതാല്പര്യങ്ങളാലും എത്രയോ ഇരുളായിപ്പോയി! ഭിന്നത, തേജോവധം എന്നിവ എത്രയോ വർദ്ധിച്ചിരിക്കുന്നു.

മതഭ്രാന്തു നിമിത്തമുള്ള അന്ധകാരം. എത്ര വലുത്! പരസ്പരം സ്നേഹിച്ച് കഴിയുന്നത്ര സഹായം പരസ്പരം ചെയ്ത് സഹോദരങ്ങളെപ്പോലെ കഴിയേണ്ടവർ മതത്തിന്റെ അടിസ്ഥാനത്തിൽ ഭ്രാന്തു പിടിച്ച് പരസ്പരം കൊലവിളി നടത്തുന്നു.

യെഹൂദജാതി മരത്തിൽ തൂങ്ങി മരിച്ച മനുഷ്യപുത്രനെ മശിഹായായി അംഗീകരിക്കാത്തതിനാൽ അവർക്കു ഭാഗികമായ അന്ധത പിടിച്ചുപോയല്ലോ. വാഗ്ദത്തനാട്ടിൽ തിരിച്ചുവരാൻ ഭാഗ്യമുണ്ടായെങ്കിലും പൗരോഹിത്യമില്ലാതെ, ദൈവാലയമില്ലാതെ, ആരാധനയില്ലാതെ അന്ധകാരത്തിൽ കഴിയുന്നു.

സന്ധ്യയിങ്കൽ കരച്ചിൽ, അന്ധകാരത്തിലെ വിലാപം. ദൈവസഭയും യെഹൂദജാതിയും ഇന്നു സന്ധ്യയിങ്കലെ കരച്ചിലിലും കൂടെയും രാത്രിയുടെ വിലാപത്തിൽ കൂടെയും കടന്നു പോകയാണ്. അരുമനാഥൻ പറഞ്ഞു "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്" എന്ന്. "ഈ ലോകത്തിന്റെ പ്രഭു" (യോഹ. 12:31). "ഈ ലോകത്തിന്റെ ദൈവം" (2 കൊരി. 4:4) ഭരണം നടത്തുന്നതിനാൽ ദൈവജനം ഇന്നു ലോകത്തിൽ ശത്രുരാജ്യത്താണു താമസിക്കുന്നത്. അതിന്റേതായ കരച്ചിൽ ഉണ്ട്.

എന്നാൽ മനോഹരമായ സുപ്രഭാതം വരുന്നു. "മനുഷ്യപുത്രന്മാരേ തിരികെ വരുവിൻ" (സങ്കീ. 90:3) എന്നു അരുളിച്ചെയ്തുകൊണ്ട് "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരും" (1 തെസ്സ. 4:16). ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കും. ജീവനോടെ ശേഷിക്കുന്ന നാം രൂപാന്തരപ്പെടും. ഈ മർത്യമായത് അമർത്യമായതിനെ ധരിക്കും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെ പ്രാപിക്കും. "ഹേ, മരണമേ നിന്റെ ജയമെവിടെ? ഹേ, മരണമേ നിന്റെ വിഷമുള്ള് എവിടെ?" എന്നുള്ള വിജയധ്വനിയോടു കൂടെ മരണത്തെയും പാതാളത്തെയും വെല്ലുവിളിച്ചു കൊണ്ട് വിജയശ്രീലാളിതനായി ദൈവജനമേ, നാം പറന്നുയരും. മധ്യാകാശത്തിലേക്ക്, പ്രതിഫലത്തിൻ സഭയിലേക്ക്, കുഞ്ഞാടിന്റെ കല്യാണ മണ്ഡപത്തിലേക്ക്, മണവാളൻ ഒരുക്കിയ പിതാവിൻ ഭവനത്തിലേക്ക്, സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ അത്യുന്നതന്റെ വാസസ്ഥലത്തേക്ക് ആത്മ മണവാളനോടൊത്തു നാം നീങ്ങിക്കൊണ്ടിരിക്കും. 'ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" (1 തെസ്സ. 4:17) ഹല്ലെലുയ്യാ! കണ്ണുനീർ തുടയ്ക്കപ്പെടും, യാതൊരു ശാപവും ഇനി ഉണ്ടാകയില്ല. ഭിന്നതയില്ല, കക്ഷിത്വമില്ല, കൈപ്പില്ല, വിദ്വേഷമില്ല, അഹംഭാവമില്ല.

> **പരസ്പരം സ്നേഹിച്ച് കഴിയുന്നത്ര സഹായം പരസ്പരം ചെയ്ത് സഹോദരങ്ങളെപ്പോലെ കഴിയേണ്ടവർ മതത്തിന്റെ അടിസ്ഥാനത്തിൽ ഭ്രാന്തു പിടിച്ച് പരസ്പരം കൊലവിളി നടത്തുന്നു.**

രാത്രിയുടെ അനുഭവം കഴിഞ്ഞ് പ്രഭാതത്തിന്റെ പ്രകാശത്തിലേക്ക് വന്നിരിക്കുന്നു. കരച്ചിൽ നീങ്ങി, വിലാപം പോയി. ദൈവത്തിനു സ്തോത്രം.

ദൈവസഭ മാത്രമല്ല, യഹൂദജാതിയും ഭീകരമായ അന്ധകാരത്തിന്റെ അനുഭവത്തിൽ നിന്നും ഉഷസ്സിന്റെ ആനന്ദഘോഷത്തിലേക്കു വരും. അല്പനാൾ (ഏഴുവർഷം) കഴിഞ്ഞിട്ടു മാത്രം. അധർമ്മ മൂർത്തിയായ അന്തിക്രിസ്തുവിന്റെ ഭീകരവാഴ്ചയുടെ ക്രൂരത്വം മുഴുവനും അനുഭവിച്ചു കഴിയുമ്പോൾ, നിശ്ചയിക്കപ്പെട്ട സമയം "വിടുവിക്കുന്നവൻ സീയോനിൽ നിന്നു വരും" (റോമ. 11:26). ".യഹോവയുടെ വിശുദ്ധന്മാർ ഉല്ലാസഘോഷത്തോടെ സീയോനിലേക്കു മടങ്ങിവരും, നിത്യാനന്ദം അവരുടെ തലയിൽ ഉണ്ടായിരിക്കും, അവർ ആനന്ദവും സന്തോഷവും പ്രാപിക്കും, ദുഃഖവും ഞരക്കവും ഓടിപ്പോകും" (യെശ. 51:11). "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" (മത്താ. 25:34) എന്നുള്ള ആഹ്വാനം ലഭിക്കുമ്പോൾ യഹൂദജാതിയുടെ കയ്പും കണ്ണുനീരും നീങ്ങിപ്പോകും. മശിഹായുടെ ലോകഭരണത്തിൽ അവർ ഉഷസ്സിന്റെ സന്തോഷം പ്രാപിക്കും.

"പ്രഭാതത്തിലേക്കുള്ള പ്രവേശനം ഇരുട്ടിൽ കൂടെയാണ്" – ഒരു തത്വചിന്തകൻ പറഞ്ഞു. ദൈവസഭയെ സംബന്ധിച്ചും യഹൂദജാതിയെ സംബന്ധിച്ചും അതു അന്വർത്ഥമാണ്. "സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും ഉഷസ്സിലോ ആനന്ദഘോഷം വരുന്നു." *(1990 കളിൽ എഴുതിയത്; ലേഖകൻ ഇന്ന് നിത്യതയിൽ വിശ്രമിക്കുന്നു.)*

●

---

➢ 1-ാം പേജിൽ നിന്നും തുടർച്ച

## വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം

കളുടെ എതിർപ്പുകൾ വിവിധ തലങ്ങളിൽ വർദ്ധിച്ചു വരുന്നു. ഇനിയും എത്ര നാൾ! നമുക്ക് അറിഞ്ഞുകൂടാ!!! ആകയാൽ ദൈവമക്കളെ നമുക്ക് ഉണരാം. കർത്താവിൽ നിന്ന് ശക്തി സംഭരിച്ച് മുന്നേറാം. ഇതിനായി ആളുകളെ വേണം. സാമ്പത്തികം വേണം. ഇവയൊക്കെയും കർത്താവ് നമുക്ക് തന്നിരിക്കുന്നു. കർത്താവിനായി നമുക്ക് ഉപയോഗിക്കാം.

ആകയാൽ ദൈവമക്കൾ ഈ വിഷയം ഓർത്ത് പ്രാർത്ഥിക്കുകയും, നിർല്ലോഭമായ സാമ്പത്തിക സഹായങ്ങൽ നൽകി സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. സംഭാവനകൾ Y.M.E.F. (N.D), Trust ന്റെ പേരിൽ ഡി.ഡി. ആയോ ചെക്ക് ആയോ ട്രഷറാറുടെ വിലാസത്തിലേക്ക് അയയ്ക്കുകയോ അങ്കമാലി യൂണിയൻ ബാങ്ക് ശാഖയിലുള്ള ട്രസ്റ്റിന്റെ അക്കൗണ്ടിലേക്കോ നേരിട്ട് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതുള്ളതുകൊണ്ട് ബാങ്കിലേക്ക് നേരിട്ട് അയയ്ക്കുന്നവർ ആ വിവരം ട്രഷറാറെ രേഖാമൂലമോ ഫോണിൽ വിളിച്ചോ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

Bank Details:
Bank: Union Bank of India,
Angamly Branch
Account No.
338102010012324
IFSC Code: UBIN 0533815

Address of Treasurer
A.D. James, Areeckal House
Near Sub Reg. Office,
Angamali- 683 572
Mob: 9446814115

വൈ.എം.ഇ.എഫ്. ട്രസ്റ്റിനു വേണ്ടി
സ്റ്റാൻലി ഏബ്രഹാം (പ്രസിഡന്റ്),
രമേശ് എസ്. നായർ (സെക്രട്ടറി)

ഗോത്രങ്ങൾ തേടി..... 94



# ബാഗ്രി

ജനസംഖ്യ : 20 ലക്ഷം
സാക്ഷരത : വളരെ കുറവ്
തിരുവചന ലഭ്യത : വേദപുസ്തക പരിഭാഷ ആരംഭിച്ചിട്ടില്ല

## ജാതിവ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെട്ടതാണ് ബാഗ്രികളുടെ ജീവിതം

**ആ** വാർത്ത യുവാക്കളെ ഞെട്ടിപ്പിക്കുന്നതായിരുന്നു. യേശുവിലുള്ള വിശ്വാസത്തിന്റെ പേരിൽ കൗമാരപ്രായക്കാരിയായ സരോജ് തന്റെ സഹോദരീഭർത്താവിനാൽ കൊല്ലപ്പെട്ടു. തന്റെ ഭവനത്തിൽ നിന്നും ഏകയായാണ് അവൾ ക്രിസ്തീയ വിശ്വാസത്തിൽ വന്നത്. സഹോദരീ ഭർത്താവിൽ നിന്നും നേരിട്ടുകൊണ്ടിരുന്ന ഭീഷണിയുടെ മധ്യത്തിലും ധൈര്യത്തോടെ പ്രാർത്ഥനാക്കൂട്ടങ്ങളിൽ പങ്കെടുക്കുവാൻ സരോജ് തീരുമാനിച്ചിട്ടുണ്ടായിരുന്നു. മാത്രമല്ല ദൈവവചനപരിഭാഷയുടെ ആവശ്യകത മനസ്സിലാക്കുവാൻ സഹായിക്കുന്ന ഭാഷാ ഗവേഷണം നടത്തുന്ന രണ്ടു ചെറുപ്പക്കാരായ ക്രിസ്ത്യാനികളെ താമസിപ്പിക്കുന്നതിനായി തന്റെ ഭവനം അനുവദിക്കുന്നതിലും അവൾക്കു തുറന്ന മനസ്സായിരുന്നു. എന്നാൽ യാഥാസ്ഥിതിക ഭവനക്കാരായ തന്റെ സഹോദരിയുടെ ഭർതൃഗൃഹം അതിൽ അസന്തുഷ്ടരായി. പൊതുവായി സൗഹൃദ മനോഭാവവും ആതിഥേയത്വവുമുള്ള ഒരു ബാഗ്രി കുടുംബത്തിന് എങ്ങനെ ഇപ്രകാരം അതിദാരുണമായി ഒരു കൊല ചെയ്യാൻ കഴിഞ്ഞു?

ബാഗ്രികൾ ഇന്ത്യയിലും പാക്കിസ്ഥാനിലുമായി വ്യാപിച്ചു കാണപ്പെടുന്നു. ഇന്ത്യയിലുള്ളവരിൽ ഭൂരിഭാഗവും അധിവസിക്കുന്നത് രാജസ്ഥാനിലാണ്. ഇവരുടെ പ്രധാന തൊഴിൽ കന്നുകാലിവളർത്തൽ, കൃഷി എന്നിവയും ചെറിയ തോതിലുള്ള കുടിൽ വ്യവസായവും ആണ്. ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയാണ് പ്രധാന കൃഷികൾ. കൂടുതൽ ആളുകളുടെയും ഇഷ്ടവിഭവങ്ങൾ മാട്ടിറച്ചിയും പന്നിയിറച്ചിയുമാണ്. എന്നാൽ ഇവരുടെ ഇടയിൽ 'വൈഷ്ണോയി' എന്നറിയപ്പെടുന്ന ഒരു വിഭാഗക്കാർ മാംസാഹാരങ്ങളോ, മുട്ടയോ ഭക്ഷിക്കയില്ല.

ജാതിവ്യവസ്ഥകളാൽ നിയന്ത്രിക്കപ്പെട്ടതാണ് ബാഗ്രികളുടെ ജീവിതം. ഇവരുടെ വിശ്വാസത്തിലും ലോകവീക്ഷണത്തിലും ജീവിതരീതിയിലും ഇതു അലിഞ്ഞു ചേർന്നിരിക്കുന്നതു കാണാം. പ്രധാനമായും ഇവർ ഹൈന്ദവവിശ്വാസികളാണെങ്കിലും, ചെറിയ ശതമാനം മുസ്ലീങ്ങളും ഇവരുടെ ഇടയിലുണ്ട്. ജാതിവ്യവസ്ഥാനുസൃതം ക്രിസ്ത്യാനികളെ താഴേക്കിടയിലുള്ളവരായി ഇവർ കരുതുന്നു.

വളരെ നാളുകളുടെ പ്രവർത്തനഫലമായി ക്രിസ്തീയ വിശ്വാസത്തിൽ വന്ന ചുരുക്കം ചില ബാഗ്രികൾ ഇവിടെ ഉണ്ട്. കുറെ സഭകളും ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഭൗതിക നന്മകൾക്കായി ക്രിസ്തു മതം സ്വീകരിച്ച ചിലർ മറ്റു ബാഗ്രി ഭാഷക്കാരിൽ ക്രിസ്ത്യാനികളെക്കുറിച്ച് വിപരീത ഫലമാണ് ഉളവാക്കുന്നത്. ക്രിസ്ത്യാനിയാവുന്നതു ഭവനത്തിനു അപമാനവും നിന്ദയുമാണെന്നുള്ള വിശ്വാസം മൂലം ക്രിസ്തീയ വിശ്വാസത്തിൽ വന്ന പലരും കൊല ചെയ്യപ്പെട്ട സംഭവങ്ങളുമുണ്ടായിട്ടുണ്ട്.



ബാഗ്രി ക്രിസ്ത്യാനികൾ വിശ്വാസത്തിൽ വളരുന്നതിനും സഭ ദൈവവചനത്തിൽ വേരൂന്നുന്നതിനും തങ്ങളുടെ മാതൃഭാഷയിലുള്ള തിരുവചനം അത്യാന്താപേക്ഷിതമാണ്. ദൈവസ്നേഹത്തെക്കുറിച്ചുള്ള സന്ദേശം ബാഗ്രി ഭാഷയിൽ മുദ്രണം ചെയ്യപ്പെട്ടാൽ അതിന് ഈ ജനസമൂഹത്തെ രൂപാന്തരപ്പെടുത്തുവാൻ കഴിയും.

### പ്രാർത്ഥനയ്ക്കായി

- ചെറിയ കൂട്ടങ്ങളായ ബാഗ്രി സഭകൾക്കും നേതാക്കൾക്കും തങ്ങളുടെ ജനങ്ങളെക്കുറിച്ച് ദർശനം ലഭിക്കേണ്ടതിനായി...
- ക്രിസ്ത്യാനികളുടെ ഇടയിൽ ദൈവവചനത്തിനായുള്ള ദാഹം ഉണ്ടാകേണ്ടതിനും അവർ വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനുമായി..
- ബാഗ്രി മാതൃഭാഷയായി സംസാരിക്കുന്ന ഒരു പരിഭാഷസംഘം ഉടലെടുക്കേണ്ടതിനും പരിശീലനം ലഭിച്ച് ബാഗ്രി ഭാഷയിൽ ദൈവവചനം പരിഭാഷപ്പെടുത്തി ജനങ്ങൾക്കു ലഭ്യമാകുവാൻ വേണ്ടിയും...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# തലച്ചോറുള്ള റോബോട്ടുകൾ

എസ്.ജി.ഗിൽബർട്ട്, ആറാമട



**ശാ**സ്ത്രം അതിന്റെ അത്യുന്നനിലയിൽ വളർന്നുകൊണ്ടിരിക്കുന്ന നൂതന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഒരു കാലത്തു മനുഷ്യൻ സ്വപ്നം കണ്ടിരുന്ന കാര്യങ്ങൾ പലതും ഇന്ന് യാഥാർത്ഥ്യങ്ങളായി കഴിഞ്ഞിരിക്കുന്നു. അറിവിന്റെ വിവിധ തലങ്ങളിലേക്ക് മനുഷ്യൻ കുതിച്ചുയർന്നുകൊണ്ടിരിക്കയാണ്. ഓരോ പത്തു വർഷത്തിനുള്ളിൽ അത്ഭുതകരമായ മാറ്റങ്ങളും കണ്ടുപിടുത്തങ്ങളുമാണ് കണ്ടു വരുന്നത്. ഇന്നത്തെ പുതിയത് അഞ്ചു വർഷം കഴിയുമ്പോൾ ഏറ്റവും പഴഞ്ചനായി മാറുന്നു. ശാസ്ത്രത്തിന്റെ ഈ കുതിപ്പ് വിരൽ ചൂണ്ടുന്ന ഒരു വലിയ യാഥാർത്ഥ്യം തിരുവെഴുത്തിൽ നിന്നും സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

**1. റോബോട്ടിക് സുന്ദരിമാർ**

26-06-2014-ൽ മലയാള മനോരമയിൽ വന്ന വാർത്ത വായിക്കാത്തവർ ചുരുക്കമായിരിക്കും. റോബോട്ടുകളെ മനുഷ്യൻ ഉണ്ടാക്കുകയും മനുഷ്യർ ചെയ്യേണ്ട ചില കാര്യങ്ങൾ മനുഷ്യന്റെ നിർദ്ദേശം അനുസരിച്ച് ചെയ്യുന്നതായുള്ള വാർത്തകളും കാഴ്ചകളും കുറച്ചു കാലങ്ങളായി നമുക്ക് അറിവുള്ളതാണ്. ടി.വി.യിൽ മനുഷ്യൻ വാർത്തവായിക്കുന്ന സ്ഥാനത്ത് രണ്ട് റോബോട്ടിക് സുന്ദരിമാർ തനി സ്ത്രീ രൂപത്തിൽ ഇരുന്നു വായിച്ചാൽ അത്ഭുതമെന്നല്ലെ പറയാൻ കഴിയൂ.

ടോക്കിയോയിലെ നാഷണൽ മ്യൂസിയം ഓഫ് എമേർജിങ്ങ് സയൻസ് ആൻഡ് ഇന്നവേഷനിലാണ് പ്രൊഫസർ ഹിരോഷിയുടെ നേതൃത്വത്തിൽ ലോകത്തിലെ ആദ്യത്തെ വാർത്താ വായനക്കാരികളായ റോബോട്ടുകളെ തയ്യാറാക്കിയത്. മനുഷ്യർ ചെയ്യേണ്ടതായ അനേകം മേഖലകളിൽ ആ സ്ഥാനത്ത് മനുഷ്യർക്ക് പകരം റോബോട്ടിക് സുന്ദരന്മാരും സുന്ദരികളും ജീവിച്ചിരിക്കുന്ന പലരുടെയും മൺമറഞ്ഞവരുടെ പല രൂപത്തിലും താമസിക്കാതെ പ്രത്യക്ഷപ്പെടാൻ പോകയാണ്.

**2. തലച്ചോറുള്ള റോബോട്ടുകൾ**

മനുഷ്യനെപ്പോലെ പ്രവർത്തിക്കാൻ ശേഷിയുള്ള റോബോട്ടുകളെ സൃഷ്ടിക്കുന്നതിൽ കുറച്ചു കാലങ്ങൾ മുമ്പേ വിജയിച്ചിരിക്കുന്നു. മനുഷ്യർ നേരത്തെ ക്രമപ്പെടുത്തിവച്ചിരിക്കുന്നതിനനുസരിച്ചു പ്രവർത്തിക്കാൻ കഴിയുന്ന റോബോട്ടുകൾ. അവയ്ക്ക് സ്വന്തമായി ചിന്തിച്ച് മനുഷ്യനെപ്പോലെ തീരുമാനിക്കാനുള്ള ശേഷി ഇല്ലായിരുന്നു. അതിൽ നിന്നും തികച്ചും വ്യത്യസ്തമായി കൃത്രിമ തലച്ചോർ എന്ന യാഥാർത്ഥ്യത്തിലേക്ക് ശാസ്ത്രം കുതിച്ചുകൊണ്ടിരിക്കുന്നു. അധികം താമസിയാതെ അതും പൂവണിയാൻ പോകുന്നു.

റോബോട്ടുകളുടെ തലയിൽ കൃത്രിമ മസ്തിഷ്കവും തലച്ചോറും ഘടിപ്പിക്കാനുള്ള നീക്കത്തിൽ ഇന്ത്യക്കാർ അടങ്ങുന്ന ശാസ്ത്രജ്ഞന്മാർ വിജയം കണ്ടെത്തിയിരിക്കുന്നുയെന്നാണ് അവകാശപ്പെടുന്നത്. റോബോബ്രെയിൻ എന്ന സങ്കല്പത്തിലേക്കുള്ള വികാസത്തിനു പിന്നിൽ തലയെടുപ്പോടു കൂടി നിൽക്കുന്നത് അമേരിക്കയിലെ കോർനെൽ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ്.

**റോബോട്ടുകളുടെ തലയിൽ കൃത്രിമ മസ്തിഷ്കവും തലച്ചോറും ഘടിപ്പിക്കാനുള്ള നീക്കത്തിൽ ഇന്ത്യക്കാർ അടങ്ങുന്ന ശാസ്ത്രജ്ഞന്മാർ വിജയം കണ്ടെത്തിയിരിക്കുന്നുയെന്നാണ് അവകാശപ്പെടുന്നത്. റോബോബ്രെയിൻ എന്ന സങ്കല്പത്തിലേക്കുള്ള വികാസത്തിനു പിന്നിൽ തലയെടുപ്പോടു കൂടി നിൽക്കുന്നത് അമേരിക്കയിലെ കോർനെൽ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ്.**

ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സ്വന്തമായി ചിന്തിച്ച് തീരുമാനങ്ങൾ എടുത്ത് പ്രവർത്തിക്കുവാൻ കഴിവുള്ള റോബോട്ടുകൾ അധികം താമസിയാതെ വരുവാൻ പോകുന്നു. അങ്ങനെയുള്ള റോബോട്ടുകൾ വരാൻ സാധ്യതയുള്ളതായി 2000 വർഷങ്ങൾക്കു മുമ്പ് യോഹന്നാൻ അപ്പൊസ്തലൻ വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**3. അന്തിക്രിസ്തുവിന്റെ പ്രതിമകൾ സംസാരിക്കും**

"മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ട് ഭൂവാസികളെ തെറ്റിക്കയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിനു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു. മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്കു ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു (വെളി. 13:14-15).

മഹാപീഡനകാലത്തിന്റെ പകുതികഴിയുമ്പോൾ അന്തിക്രിസ്തുവിന്റെ പ്രതിമകൾ കള്ള പ്രവാചകന്റെ സഹായത്തോടെ അവിടവിടെ സ്ഥാപിക്കും. അന്തിക്രിസ്തു അന്ന് ലോകത്തിന്റെ ചുക്കാൻ പിടിക്കുന്ന ചക്രവർത്തിയായി ഉണ്ടായിരിക്കും. എല്ലാവർക്കും അന്തിക്രിസ്തുവിനെ നേരിൽ കണ്ട് സംസാരിക്കാനും ആശയവിനിമയം ചെയ്യുവാനും സാധിക്കയില്ലല്ലോ. അത് പരിഹരിക്കത്തക്ക നിലയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ

➤ശേഷം 5-ാം പേജിൽ




വന്ന വഴികൾ – 15

ഇ.ജെ. പൈലി, അങ്കമാലി

# രാജസ്ഥാനിലെ ശൈശവ വിവാഹം

**ഈ ഏർപ്പാടിന് പല കാരണങ്ങളാണ് അവർ നിരത്തുന്നത്. ഒന്നാമത്, പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകയും ആക്രമിക്കുകയും ചെയ്യുന്നത് തടയുവാൻ. രണ്ടാമത്, കൗമാരപ്രായമാകുമ്പോൾ വഴിതെറ്റി പോകുമോ എന്ന ഭയം. മൂന്നാമത്, പ്രായമായ മാതാപിതാക്കൾക്ക് മരണത്തിനു മുമ്പ് ചെറുമക്കളുടെ വിവാഹം നടത്തിക്കാണുവാൻ ഉള്ള ആഗ്രഹം...**

രാജസ്ഥാനിൽ ഇന്നും ശൈശവ വിവാഹങ്ങൾ നടക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. എൻ.എൽ.സി.ഐ.യുടെ ഗവേഷണത്തിൽ ലഭ്യമായ ചില വിവരങ്ങൾ ഇവിടെ ചേർക്കുകയാണ്. ദളിത് ജനങ്ങൾ, ഗോത്രവർഗ്ഗക്കാർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവരുടെ ഇടയിൽ ശൈശവ വിവാഹം സർവ്വ സാധാരണമാണ്. ശൈശവ വിവാഹം ഇന്ത്യയിൽ നിയമപരമല്ലെങ്കിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ഗ്രാമങ്ങളിൽ സർവ്വ സാധാരണമായി തുടരുന്നു.





ഒരു സംഭവം ഉദ്ധരിക്കട്ടെ: ലക്ഷ്മിക്ക് ഏകദേശം ഒരു വയസ്സു മാത്രം പ്രായമുള്ളപ്പോഴാണ് രാകേഷ് എന്ന മൂന്നു വസ്സുകാരന് അവളെ വിവാഹം ചെയ്തു കൊടുത്തത്. തുടർന്നും അവർ രണ്ടു പേരും അവരവരുടെ മാതാപിതാക്കളോടൊത്ത് താമസിച്ചു പോന്നു. രാകേഷിന്റെ മാതാപിതാക്കൾ കടന്നുവന്ന് അവകാശപ്പെട്ടപ്പോൾ മാത്രമാണ് താൻ വിവാഹിതയാണ് എന്ന് അവൾക്കു ബോധ്യമായത്. ലക്ഷ്മി അവളുടെ നീരസം മാതാപിതാക്കളെ അറിയിച്ചു. അന്ന് അവൾക്ക് പതിനെട്ടു വയസ്സായിരുന്നു. രാകേഷ് ഈ വിവാഹബന്ധം തുടരാനാണ് ആഗ്രഹിച്ചത്.

ലക്ഷ്മി വളരെ നിരാശയും ഉത്ക്കണ്ഠയും ഉള്ളവളായി തീർന്നു. അവൾ പരാതിപ്പെട്ടപ്പോൾ ഒരു സർക്കാരിതര സംഘടന ഇക്കാര്യത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിച്ചു.

ഇതോടൊപ്പം കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും ശൈശവ വിവാഹങ്ങളുടെ ഒരു യഥാർത്ഥ രൂപം വായനക്കാർക്ക് വ്യക്തമാകും. "എട്ടും പൊട്ടും തിരിയാത്ത" കുട്ടികളുടെ വിവാഹങ്ങളാണ് നടക്കുന്നത്. ഈ കുഞ്ഞുങ്ങളുടെ ദൈന്യഭാവം അവരുടെ മുഖത്ത് നിഴലിക്കുന്നു. ആരോഗ്യമന്ത്രാലയത്തിന്റെ കണക്കനുസരിച്ച് 68 ശതമാനം പെൺകുട്ടികളും പതിനെട്ടു വയസ്സു തികയുന്നതിനു മുമ്പ് വിവാഹിതരാകുന്നു. അവർക്ക് പ്രായപൂർത്തിയാകുമ്പോഴാണ് യാഥാർത്ഥ്യം മനസ്സിലാകുന്നത്. എന്നാൽ ആ സമയത്ത് മറിച്ചൊരു തീരുമാനം എടുക്കാൻ അവരെ അനുവദിക്കുകയും ഇല്ല. നോക്കണെ ഈ കുഞ്ഞുങ്ങളുടെ ദയനീയ സ്ഥിതി.

ഈ ഏർപ്പാടിന് പല കാരണങ്ങളാണ് അവർ നിരത്തുന്നത്. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകയും ആക്രമിക്കുകയും ചെയ്യുന്നത് തടയുവാൻ. ഈയിടെ യു.പി.യിലെ ഒരു ഗ്രാമത്തിൽ നിന്ന് ഒരു പോലീസുകാരൻ ഒരു യുവതിയെ തട്ടിക്കൊണ്ടുപോയി പോലീസ് സ്റ്റേഷനിൽ വച്ച് പീഡിപ്പിച്ചത് വാർത്തയായിരുന്നല്ലോ. രണ്ടാമത് കൗമാരപ്രായമാകുമ്പോൾ വഴിതെറ്റി പോകുമോ എന്ന ഭയം. മൂന്നാമത് പ്രായമായ മാതാപിതാക്കൾക്ക് മരണത്തിനു മുമ്പ് ചെറുമക്കളുടെ വിവാഹം നടത്തിക്കാണുവാൻ ഉള്ള ആഗ്രഹം. കാരണങ്ങളെന്തെല്ലാം പറഞ്ഞാലും ആത്മിക അന്ധകാരത്തിൽ ജീവിക്കുന്ന ഉത്തരഭാരതത്തിലെ ഗ്രാമീണരുടെ മൂഢാചാരം എന്നു മാത്രമെ ഇതിനെ വിശേഷിപ്പിക്കാൻ കഴിയൂ. സുവിശേഷത്തിന്റെ സത്യവെളിച്ചം കടന്നു ചെന്നാൽ മാത്രമെ ഈ സ്ഥിതികൾക്ക് വ്യത്യാസം വരികയുള്ളു. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

രാജസ്ഥാനെപ്പറ്റി ചില വിവരങ്ങൾ കൂടെ: ഭാരതത്തിലെ ഏറ്റവും വലിയ സംസ്ഥാനമാണ് രാജസ്ഥാൻ. പതിനാറു ജില്ലകളിൽ ഇന്നും ഒരു സുവിശേഷ പ്രവർത്തനങ്ങളും ഇല്ലെന്നതാണ് സ്ഥിതി. 1859-ൽ സ്കോട്ട്ലൻഡിൽ നിന്നും പ്രസ്ബിറ്ററിയൻ സഭ രണ്ടു മിഷനറിമാരെ രാജസ്ഥാനിലേക്ക് അയച്ചു. മുപ്പത്തഞ്ചു ദിവസത്തെ കടൽ യാത്രയ്ക്കു ശേഷം അവർ കൊൽക്കത്തയിൽ എത്തിച്ചേർന്നു. അവിടെ നിന്നും അവർ കാളവണ്ടിയിൽ രാജസ്ഥാനിലേക്ക് യാത്ര തിരിച്ചു. മാർഗ്ഗമധ്യേ രോഗം ബാധിച്ച് അവരിലൊരാൾ (മി. സ്റ്റീൽ) മരിച്ചു. മറ്റെയാൾ (മി. ഷൽ ബ്രഡ്) തന്റെ താമസസ്ഥലത്ത് ഞായറാഴ്ച ആരാധനയും സ്കൂൾ പ്രവർത്തനവും ആരംഭിച്ചു. 1869-ൽ തന്റെ മരണം വരെയും താൻ ആ ശുശ്രൂഷ തുടർന്നു.

രാജസ്ഥാന്റെ ഒരു വലിയ ഭൂപ്രദേശം താർ മരുഭൂമിയാണ്. എന്നാൽ ഇന്ദിരാഗാന്ധി കനാൽ വന്നതോടെ മരുഭൂമിയുടെ പല പ്രദേശങ്ങളും ഉദ്യാനങ്ങളായി മാറി. ഈ കനാലിനോടു ചേർന്നുള്ള ഗ്രാമങ്ങൾ 76 എൻ.പി., 9 എൽ. പി.എം., 18 പി.റ്റി.ഡി. എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്നു.

പെൺശിശുഹത്യയാണ് രാജസ്ഥാനിൽ നടന്നു കൊണ്ടിരിക്കുന്ന വലിയൊരു ദോഷം. ഈ കാര്യത്തിൽ കുപ്രസിദ്ധമായ ഒരു ജില്ലയാണ് ജെയ്സാൽമീർ. ആയിരം പുരുഷന്മാർക്ക് 869 സ്ത്രീകൾ എന്നതാണ് ഇവിടെ സ്ത്രീ പുരുഷ അനുപാതം. രാത്രികാലങ്ങളിൽ ഒപ്പിയം കൊടുത്തോ, ശ്വാസം മുട്ടിച്ചോ, കല്ലു കൊണ്ടിടിച്ചോ ഭക്ഷണം ഒന്നും കൊടുക്കാതെയോ അവർ പെൺകുഞ്ഞുങ്ങളെ കൊല്ലുന്നു. ജയ്സാൽമീർ ജില്ലയിൽ നമ്മുടെ യാതൊരു പ്രവർത്തനങ്ങളുമില്ല. അവിടെ വേലക്കാരെ അയയ്ക്കേണ്ടതിന് നമുക്ക് പ്രാർത്ഥിക്കാം. രാജസ്ഥാന്റെ ജില്ലകളും വിവിധ ഭാഷകളും കാണിക്കുന്ന ഒരു ചിത്രവും ഇതൊടൊപ്പം ചേർത്തിരിക്കുന്നു. കഴിഞ്ഞ 54 വർഷം കൊണ്ട് രാജസ്ഥാനിലെ നമ്മുടെ സുവിശേഷകന്മാരുടെ എണ്ണം നാലിൽ നിന്ന് 32 ആയി ഉയർന്നിട്ടുണ്ടെന്നത് സന്തോഷകരം തന്നെ. എങ്കിലും എത്ര യോ പ്രദേശങ്ങൾ ഇനിയും കൈവശമാക്കാനുണ്ട്. ആർ കർത്താവിനായി കടന്നു പോകും.

ജോധ്പൂരിൽ താമസിച്ചുകൊണ്ട് ഞങ്ങൾ രണ്ടുപേർ ചേർന്ന് പട്ടണത്തിന്റെ വിവിധഭാഗങ്ങളിൽ ചെയ്ത പ്രവർത്തനത്തെപ്പറ്റി മുമ്പ് പ്രസ്താവിച്ചിരുന്നുവല്ലോ. കുറെ ദിവസത്തെ പ്രവർത്തനത്തിനിടയിൽ ഒരു വിശ്വാസയെപ്പോലും കണ്ടെത്താനായില്ല. ഒരു നാമധേയ ക്രിസ്ത്യാനിയെമാത്രം കണ്ടുമുട്ടി. ഇന്ന് മൂന്നു സുവിശേഷകന്മാരും രണ്ടു സഭകളും ജോധ്പൂരിലുണ്ട്. സ്റ്റീഫൻ ചെറിയാൻ, ഒ.എം. തോമസ്, മുരളി എന്നിവർ. ദൈവത്തിനു സ്തോത്രം. ചില ദിവസങ്ങളിൽ തുടർച്ചയായി പ്രവർത്തിച്ച ശേഷം – ഞങ്ങളുടെ കയ്യിലെ പണവും തീരാറായപ്പോൾ– ബ്രദർ സോളമൻ രാജുവും ഞാനും അനന്തപ്പൂരിലേക്ക് മടങ്ങി അവിടെ ക്ഷേമമായി എത്തി. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന വിശ്വാസികളെ കണ്ട് സന്തോഷിച്ചു. കർത്താവിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.







(തുടരും)

---



ജോൺസൺ കുളങ്ങര

# വ്യാജന്മാരെ സൂക്ഷിക്കുക

**ആത്മീയ രംഗത്തെ ചില ഒറിജിനലുകളും അവയുടെ ഡ്യൂപ്ലിക്കേറ്റുകളും സരസമായി ചിത്രീകരിക്കുന്നു.**

സാമാന്യം നല്ല നിലവാരം പുലർത്തുന്ന എന്തിനും ഏതിനും ഇന്ന് വ്യാജന്മാരുണ്ട്. വ്യാജ സി.ഡിയും, സീലും പാസ്പോർട്ടും പാർട്ടികളും, പട്ടയവും പട്ടക്കാരനും വരെ അരങ്ങു തകർക്കുകയാണ്. വളരെ സൂക്ഷ്മതയോടെ നടന്നില്ലെങ്കിൽ ഏതു വമ്പനും വ്യാജന്റെ മുമ്പിൽ കൊമ്പുകുത്തി വീഴും. ഉപായി എന്ന് ദൈവജനം മുഴുവനും കുപ്രസിദ്ധി കൊടുത്ത യാക്കോബു വരെ സൂര്യന്റെ വെട്ടം വീണപ്പോഴാണ് റാഹേലിനു പകരം ലേയയെ കണ്ട് ഞെട്ടിയത്. ഒരു രാത്രി മുഴുവൻ ഒന്നിച്ചു കഴിഞ്ഞിട്ടും ഏഴുവർഷത്തിലധികം സ്നേഹം അടക്കിപ്പിടിച്ച് നാളുകളെണ്ണി ആർക്കു വേണ്ടി കാത്തിരുന്നുവോ ആ റാഹേലല്ല ഇവളെന്ന് യാക്കോബിനു പോലും മനസ്സിലായില്ല. ഇത്രയും വർഷത്തെ പരിചയമുള്ള വ്യക്തിയെ ഒരു കുരുടൻ പോലും നിഷ്പ്രയാസം തിരിച്ചറിയുമായിരുന്നു. അതാണ് വ്യാജന്റെ വിജയം.

വ്യാജത്തിനെതിരെ നാം നിതാന്ത ജാഗ്രത പുലർത്തണം. വ്യാജ സഭകളും സുവിശേഷകന്മാരും മൂപ്പന്മാരും വിശ്വാസികളും ഭക്തിയുടെ വേഷം ധരിച്ച് രംഗത്തുണ്ട്. ചുറ്റും ചാരക്കണ്ണുകളുള്ള അമേരിക്കയുടെ വേൾഡ് ട്രേഡ് സെന്റർ തകർക്കാൻ തീവ്രവാദികൾ എത്ര മാത്രം പണിപ്പെട്ടിരിക്കും!

സാത്താൻ വെറും മണ്ടനാണെന്ന് നാം ധരിക്കരുത്. "അവൻ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യ സമ്പൂർണ്ണനും തന്നെ" (യെഹ. 28:12).

മനുഷ്യനന്മയ്ക്കായി ദൈവം ചിട്ടപ്പെടുത്തിയിട്ടുള്ള പദ്ധതികളെ അട്ടിമറിക്കുകയാണ് സാത്താന്റെ ലക്ഷ്യം. അതിനവൻ ഉപയോഗിക്കുന്ന ഏറ്റവും വലിയ തന്ത്രം ഡ്യൂപ്ലിക്കേറ്റുകളെ രംഗത്തിറക്കുക എന്നതാണ്. സാധാരണ മനുഷ്യർ സത്യമേതെന്നറിയാതെ വ്യാജമായതിൽ ചെന്നു വീഴും. സത്യം അറിഞ്ഞവരും അവന്റെ ചതിക്കുഴികളിൽ ചെന്നു വീണുകൊണ്ടിരിക്കുന്ന ദയനീയരംഗങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുമെന്ന് കർത്താവു തന്നെ പറഞ്ഞു വെച്ചിട്ടുണ്ടല്ലോ.



ബൈബിളിലെ ചില ഒറിജിനലുകളും ഡ്യൂപ്ലിക്കേറ്റുകളും ഒന്നു ശ്രദ്ധിക്കാം.

"ദൈവം ഒരുവനേയുള്ളു" എന്നിരിക്കിലും "ഈ ലോകത്തിന്റെ ദൈവം" എന്നൊരു വ്യാജൻ കൂടെ രംഗത്തുണ്ട്. "ദൈവരാജ്യം" സമീ

➤ ➤

➤ ➤

പിച്ചിരിക്കുന്നു എന്നു പ്രസംഗിച്ച കർത്താവു തന്നെ "സാത്താന്റെ രാജ്യ"ത്തെപ്പറ്റിയും സൂചന തന്നിട്ടുണ്ട്. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും" പ്രാപിച്ച കർത്താവ്, വ്യാജമായ "ഇരുട്ടിന്റെ അധികാരത്തിൽ" നിന്ന് ഇന്ന് തനിക്കുള്ളവരെ വിടുവിച്ചുകൊണ്ടിരിക്കയാണ്. "യഹോവ തന്റെ സിംഹാസനം സ്വർഗ്ഗത്തിൽ" സ്ഥാപിച്ചിരിക്കെ വ്യാജനായ "സാത്താന്റെ സിംഹാസനം ഭൂമിയിൽ" (പെർഗ്ഗമോസ് സഭയുടെ ദൂതൻ പാർക്കുന്നേടത്ത്) ആണെന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിചെയ്തിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് ബഹിഷ്ക്കൃതനായ

**"വ്യാജത്തിനെതിരെ നാം നിതാന്ത ജാഗ്രത പുലർത്തണം. വ്യാജ സഭകളും സുവിശേഷകന്മാരും മൂപ്പന്മാരും വിശ്വാസികളും ഭക്തിയുടെ വേഷം ധരിച്ച് രംഗത്തുണ്ട്."**

സാത്താൻ തന്റെ അങ്കത്തട്ട് ഭൂമിയിലാക്കി. മുഴുലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുകയാണിന്ന്.

യേശുക്രിസ്തുവിനെ സ്വീകരിച്ച് "ദൈവമക്കളായിത്തീരാമെങ്കിലും പലരും ഇന്ന് "പിശാചിന്റെ മക്കളാ"യി തുടരുകയാണിവിടെ. "ക്രിസ്തുവിന്റെ ജീവൻ മൺകൂടാരങ്ങളിൽ (ശരീരത്തിൽ) വഹിക്കുന്നവരാ"ണ് ദൈവമക്കൾ. ബാഹ്യമായി അവരെപ്പോലെ തോന്നുമെങ്കിലും "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവർ" ആണ് സാത്താന്റെ സന്തതികൾ. അതുകൊണ്ടാണ് ഞാൻ "മരിച്ചവരുടെ ദൈവമല്ല" "ജീവനുള്ളവരുടെ ദൈവം" ആണെന്ന് ക്രിസ്തു പറഞ്ഞത്.

ആയിരമായിരം "ദൈവദൂതന്മാരോടൊന്നിച്ച്" ദൈവമക്കൾ എടുക്കപ്പെടുമ്പോൾ "പിശാചിനും അവന്റെ ദൂതന്മാർക്കും ഒപ്പമായിരിക്കും" പിശാചിന്റെ മക്കളുടെ നിത്യത. ദൈവമക്കൾ "നിത്യാനന്ദത്തിലേക്കും" പിശാചിന്റെ മക്കൾ "നിത്യാഗ്നിയിലേക്കും" പോകും.

"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ" ഏകദൈവത്തിന്റെ വ്യാജനാണ് "മഹാസർപ്പവും മൃഗവും കള്ളപ്രവാചകനും" ചേർന്ന മൂന്ന് അശുദ്ധാത്മാക്കളുടെ കൂട്ടുകെട്ടിലൂടെ പ്രവർത്തിക്കുന്ന പിശാച്.

മനുഷ്യനിർമ്മിതമായ ഒരു ആലയത്തിലും വസിക്കയില്ലെന്ന് വ്യക്തമാക്കിയ കർത്താവ് ഇടിക്കാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്നു പറഞ്ഞാണ് ഒടുവിൽ എന്നേക്കുമായി കൈപ്പണിയായ ആലയം വിട്ട് ഇറങ്ങിപ്പോയത്. എങ്കിലും (ദൈവാലയം എന്ന പേരിൽ) അനേകം പള്ളികൾ സാത്താൻ കെട്ടിപ്പൊക്കിയിട്ടുണ്ടെന്ന് കർത്താവ് സ്മൂർന്ന, ഫിലദെൽഫിയ സഭകളുടെ ദൂതന്മാരോട് പറയുന്നുണ്ട്. എക്കാലത്തേയും "ദൈവജനത്തിന്റെ" ശത്രുക്കളാണ് വ്യാജനായ "സാത്താന്റെ പള്ളിക്കാർ" വിശുദ്ധന്മാരുടെ ശരീരം ദേവാലയവും "അവരിൽ ദൈവം വസിക്കുകയും" ചെയ്യുന്നതുകൊണ്ട് വ്യാജനായ സാത്താൻ അകത്തു കടക്കാനാവാതെ ദൈവമക്കളുടെ "ഇടയിൽ തന്നെ പാർക്കുന്നു" എന്ന് പെർഗ്ഗമോസ് സഭയ്ക്ക് കർത്താവ് മുന്നറിയിപ്പ് കൊടുക്കുന്നു. ആരെ വിഴുങ്ങേണ്ടൂ എന്ന് തിരഞ്ഞ് ചുറ്റി നടക്കുകയാണവൻ. കർത്താവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ച് അവനെ മാത്രം ആശ്രയിച്ച്, ആരാധിച്ച് അവന്റെ വരവിനെ മാത്രം പ്രത്യാശിച്ച് ബഹുവിധ കഷ്ടങ്ങളിലൂടെ മുന്നേറുകയാണ് തന്റെ സഭയായ 'നിർമ്മലകന്യക'. അതിനു സമാന്തരമായി, പാപമോചനം പ്രാപിക്കാതെ താല്ക്കാലിക നന്മകൾ മാത്രം ലാക്കാക്കി അതിനുവേണ്ടി ആരുടെയും എന്തിന്റേയും മുമ്പിൽ മുട്ടകുത്തി പ്രാർത്ഥിച്ച് വിഗ്രഹാരാധനയെന്ന ആത്മിക വ്യഭിചാരം ചെയ്ത് മുളച്ചു മദിച്ച് നടക്കുന്ന സാത്താന്റെ സഭയായ 'മഹാവേശ്യയേയും' ബൈബിൾ തുറന്നു കാട്ടുന്നു.

ആജ്ഞാനുവർത്തികളായ "സ്വർഗ്ഗീയ സൈന്യം" കർത്താവിനുണ്ടെങ്കിലും അപരന്മാരായി "ദുഷ്ടാത്മസേന'നകളെയും ദൈവമക്കൾക്കെതിരായി സാത്താൻ രംഗത്തിറക്കിയിട്ടുണ്ട്.

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്നു പറയുന്ന പൗലോസു തന്നെ അതേ കൊരിന്ത്യരോട്, വ്യാജനായ "ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ" ക്കുറിച്ചും വിപൽ പ്രബോധനം നല്കുന്നുണ്ട്.

പാപമോചനം നല്കുന്ന "സത്യസുവിശേഷത്തിനു പകരം" രോഗസൗഖ്യവും സമ്പൽ സമൃദ്ധിയും വാഗ്ദാനം ചെയ്യുന്ന "വേറൊരു സുവിശേഷവും" ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും "പരിശുദ്ധാത്മാവിനു പകരം" കുരയും ചിരിയും ഛർദ്ദിയും ഉന്തും തള്ളും വീഴ്ത്തും പഠിപ്പിക്കുന്ന "വേറൊരു ആത്മാവും" പ്രസംഗിച്ചുകൊണ്ട് നീതിയുടെ ശുശ്രൂഷകന്മാരുടെ വേഷം ധരിച്ച് "ആകാത്ത വേല ക്കാർ" സ്റ്റേജ് പ്രകടനങ്ങൾ നടത്തി ബക്കറ്റ് പിരിവെടുത്ത് എ.സി. കാറിൽ ഈസിയായി മുങ്ങുന്നു.

ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽച്ചുവടുകളെ പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. ആ മാതൃക വേണ്ട. കഷ്ടം വേണ്ട, നഷ്ടം വേണ്ട, വേദന വേണ്ട രോഗം വേണ്ട, കണ്ണുനീർ വേണ്ട നമുക്ക്. നമ്മുടെ പിതാവ് സമ്പന്നൻ ആണ് എന്ന് പ്രസംഗിച്ചു ബക്കറ്റിൽ വീണ പണവും ആഭരണങ്ങളും വാരിക്കൂട്ടി പഞ്ചനക്ഷത്ര ഹോട്ടലിൽ ചേക്കേറുമ്പോൾ പാവം ജനങ്ങളറിയുന്നില്ല, അദ്ദേഹം വിളിച്ചു കൂവിയതെല്ലാം അയാളുടെയും കുടുംബത്തിന്റെയും പ്രകടന പത്രികയാണെന്ന്.

ഇതിനും പുറമെയാണ് അപ്പൊസ്തലന്മാർ എഴുതിയ ലേഖനം എന്ന വ്യാജേന ലേഖനങ്ങൾ പടച്ചു വിട്ട് വിശ്വാസികളെ ഇളക്കുകയും ഞെട്ടിക്കുകയും ചെയ്യുന്ന പണ്ഡിതന്മാർ. നിരന്തരം പ്രസിദ്ധീകരിച്ചു വരുന്ന ഇത്തരം ഭാവനാസൃഷ്ടികൾ വായിച്ച് പഠിച്ച് പുതിയ പ്രസംഗങ്ങൾ തയ്യാറാക്കുന്ന പുത്തൻ തലമുറ, അത് അങ്ങനെ തന്നെയോ എന്ന് തിരുവെഴുത്തുകളെ ദിനം പ്രതി പരിശോധിച്ച് നോക്കുവാൻ മനസ്സുള്ളവരല്ല. ജീവിതം ഒന്നേയുള്ളു. തെരഞ്ഞെടുപ്പിൽ തെറ്റുപറ്റരുത്. വ്യാജന്മാർ എല്ലായിടത്തും ഉണ്ട്. നിത്യതയിലേക്കുള്ള വിധി നിർണ്ണയിക്കുന്ന പോളിംഗ് ബൂത്താണ് ജീവിതം.

# മഹത്വത്തിൽ



**ഡാളസ്:** ബ്രദർ **സ്കറിയ വർഗീസ്** താൻ പ്രിയം വച്ചിരുന്ന മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. അനേക വിശ്വാസികളുടെയും ബന്ധുജനങ്ങളുടെയും സാന്നിധ്യത്തിൽ ജനു. 3-ന് ഭൗതിക ശരീരം ഇവിടെ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർത്താലും.



**കോഴഞ്ചേരി:** കവുങ്ങും പ്രയാർ വലിയ പറമ്പിൽ പരേതനായ സുവിശേഷകൻ വി.എം. തോമസിന്റെ സഹധർമ്മിണിയും സുവിശേഷകൻ രാജൻ വി. തോമസിന്റെ (കോഴഞ്ചേരി) മാതാവുമായ **ഏലിയാമ്മ തോമസ് (90)** ജനു. 7-ന് താൻ പ്രത്യാശ വച്ചിരുന്ന ക്രിസ്തുവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ജനു. 9-ന് സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.



**ആന്ധ്രപ്രദേശ്:** ഒങ്കോൾ മാമിടിപാലം ബെഥേൽ ക്രിസ്റ്റ്യൻ അസംബ്ലി സുവിശേഷകൻ **ദാരാ പ്രസാദ് (84)** താൻ പ്രത്യാശ വച്ചിരുന്ന മഹത്വതീരത്തേക്ക് ജനു. 4-ന് ചേർക്കപ്പെട്ടു. ആന്ധ്രയിലെ ആദ്യകാല സുവിശേഷകന്മാരിലൊരാളായിരുന്നു. ജനു. 5-ന് ഭൗതികശരീരം ഇവിടെ സംസ്കരിച്ചു. തന്റെ രണ്ട് ആൺമക്കളും മരുമകനും സുവിശേഷകന്മാരാണ്. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും സഭാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും.



**ന്യൂയോർക്ക്:** റാന്നി മംഗലത്ത് **ഫിലിപ്പ് എം. കുര്യൻ (കുര്യാക്കോസ് -80)** ജനു. 3-ന് നിത്യഭവനത്തിലേക്ക് മാറ്റപ്പെട്ടു. ജനു. 10-ന് ഭൗതികശരീരം ന്യൂയോർക്കിൽ സംസ്കരിച്ചു. വേർപാടിന്റെ വേദനയിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ:** കിളിവയൽ നെല്ലിവിളയിൽ ബ്രദർ എൻ.ഡി. ബാബുവിന്റെ മകൻ **ജോബിൻ ബാബു (24)** ജനു. 7-ന് മഹത്വതീരത്തേക്കു മാറ്റപ്പെട്ടു. ഭൗതിക ശരീരം 13-ന് അടൂരിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന ബന്ധുക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

**പുല്ലാട്:** തൃശ്ശിനാപ്പള്ളി മണ്ണാരപ്പുറം ബ്രദറൺ സഭാംഗമായ ബ്രദർ കെ. എം. വർഗീസിന്റെ ഭാര്യ **തങ്കമ്മ വർഗീസ് (73)** ജനുവരി 3-ന് കർത്തൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. ജനു. 12-ന് ഭൗതിക ശരീരം തൃശ്ശിനാപ്പള്ളിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**തൃശ്ശൂർ:** ബ്രദർ **പി. എൽ. തിമോത്തി– 81** (റിട്ട. കാത്തലിക് സിറിയൻ ബാങ്ക് മാനേജർ) 2014 ഡിസം. 31-ന് കർത്തൃസവിധത്തിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ജനു. 5-ന് സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

# ബൈബിൾ ക്വിസ് -69

## 2 രാജാക്കന്മാർ

1. ഉപ്പിട്ടു വെള്ളം പഥ്യമാക്കിയതാര്?
2. എഴുത്തുവായിച്ചപ്പോൾ വസ്ത്രം കീറിയവൻ ആര്?
3. ബാലിന്റെ പൂജകന്മാരെയും കൊല്ലേണ്ടതിന് യേഹു എന്തു ചെയ്തു?
4. യോവാശിനെ തന്റെ ഭൃത്യന്മാർ കൊന്നതെവിടെവെച്ച്?
5. ജീവപര്യന്തം കുഷ്ഠരോഗിയായിരുന്ന രാജാവാര്?
6. അശൂർ രാജാവ് യിസ്രയേലിനെ അശൂരിലേക്ക് പിടിച്ചു കൊണ്ടുപോയി പാർപ്പിച്ചതെവിടെ?
7. മുഖം ചുവരിനു നേരെ തിരിച്ചു യഹോവയോടു പ്രാർത്ഥിച്ചവൻ ആര്?
8. സൂര്യ രഥങ്ങളെ തീയിലിട്ട് ചുട്ടുകളഞ്ഞവൻ ആര്?
9. "നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്" ആര് ആരോടു പറഞ്ഞു?
10. "യഹോവ ആകാശത്തു കിളിവാതിലുകൾ ഉണ്ടാക്കിയാലും ഈ കാര്യം സാധിക്കുമോ?" ആര് ആരോടുപറഞ്ഞു?

**ബൈബിൾ ക്വിസ് 66 – ശരിയുത്തരങ്ങൾ**


1. എലീശാ (2:12) 2. ശൂനേംകാരത്തിയുടെ മകൻ (4:19,20) 3. ബിദ്കാർ (9:25) 4. അഥല്യാ (11:16,20) 5. അമസ്യാവ് (14:7) 6. ബാബേൽ, കൂഥാ, അവ്വ, ഹമാത്ത്, സെഫർവ്വയിം (17:24) 7. അദ്രമേലെക്കും ശരേസെരും (19:37) 8. മഹാപുരോഹിതനായ ഹില്ക്കീയാവ് (22:8) 9. യഹോവയുടെ ദൂതൻ ഏലിയാവിനോട് (1:15) 10. എലീശാ ഗേഹസിയോട് (5:26)

**ക്വിസ് 64 – ശരിയുത്തരം അയച്ചവർ (താമസിച്ചു ലഭിച്ചത്) :** Rachel Abraham Vikhroli, Ajitha Jefry Payyannur, K. Prabhakaran Ammannoorkonam

**ക്വിസ് 65 – ശരിയുത്തരം അയച്ചവർ :** Shiji Anil chiryinkeezhu, Philomol K. Varghese, South Chittoor, Mariamma Varghese Chelikuzhy, C.A. Annakutty Iringole, Mary George Pazhavangadi, P.V. Elizabeth Peroorkada, Elsy Peter Puthoor, Mariamma Thomas Pazhavangadi, K. Prabhakaran Ammannoorkonam, Sheena Santhosh Thriperumthura, Jibin Bijoy Koratty, Jane Mathews Dhoni Palakkad, P.K. Georgekutty Iringole, Mercy Rumees Manalithara, Mariamma Thomas Kunnanthanam, J. Suseela Ammannoorkonam, Kunjunjamma Moses Elanthoor, Alice Korah Puthupally, Jeemon Daniel Mallappally, Nicy Renji Cheppad, Leena Fraser Mayanad, Rosamma Thomas Thadiyoor, Rachel Manesh Udaya Nagar, Ponnamma Raju Sharjah, Annamma Chacko Mannarahtara, Spurjan K.J. Russelpuram, C.M. Daniel Kizhakkumpattukara, Saramma Thomas Kottayam, Mary Jacob Hydrabad, P.J. Samuel Edappally, Mini Joshy Nellikkunnu

➤ 3-ാം പേജിൽ നിന്നും തുടർച്ച

# റോബോട്ടുകൾ



അവന്റെ പ്രതിമകൾ സ്ഥാപിക്കും. ആളുകൾ അവിടെ വന്ന് ദൈവത്തെ നമസ്കരിക്കുന്നതുപോലെ നമസ്കരിക്കും. ആ പ്രതിമയോട് സംസാരിക്കും. അന്തിക്രിസ്തുവിനോട് പ്രജകൾക്ക് എന്തു പറയാനുണ്ടോ അതാണ് സംസാരിക്കുന്നത്. ഉടനെ തന്നെ ആ പ്രതിമ ഉത്തരം നൽകും. മനുഷ്യരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകണമെങ്കിൽ തലച്ചോറുള്ള റോബോട്ടുകൾ തന്നെ വേണം. അടുത്ത ചില മാസങ്ങൾക്ക് ഉള്ളിലോ വർഷങ്ങൾക്ക് ഉള്ളി ലോ അങ്ങനെയുള്ള റോബോട്ടുകൾ എത്താൻ പോകയാണ്.


**4. കർത്താവ് വരാറായി**

തലച്ചോറുള്ള റോബോട്ടുകൾ എന്തിനെയാണ് വിരൽ ചൂണ്ടുന്നത്? അന്തിക്രിസ്തു രംഗപ്രവേശനം ചെയ്യാൻ പോകുന്നു. കർത്താവ് വന്നു തന്റെ സഭയെ ചേർത്തശേഷമേ അവനെ വെളിപ്പെടാൻ ദൈവം അനുവദിക്കൂ. കർത്താവിന്റെ മടങ്ങിവരവ് ഏറ്റവും ആസന്നമായിരിക്കുന്നു. ആ മണി നാദം വാനിൽ കേൾക്കാൻ പോകുന്നു. നാം ഒരുങ്ങിയിട്ടുണ്ടോ. നമുക്ക് ഉണരാം, ശക്തിപ്പെടാം, തലകളെ ഉയർത്താം. ആ മേഘ പ്രത്യക്ഷതയ്ക്കായി ആകാംക്ഷയോടെ നോക്കിപ്പാർത്തിരിക്കാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

## നുറുങ്ങു കവിത

# പാവയ്ക്കുള്ളിലെ മനുഷ്യൻ

പി.വി. സന്തോഷ്, വയനാട്



ഒരു ചാൺ വയറിനായ്
ഞാൻ പാവയ്ക്കുള്ളിലായി
ചിലർ എന്നെ കുത്തിനോക്കി
ചിലർ എന്നെ തൊട്ടു നോക്കി
നല്ല മങ്കി എന്നവർ ചൊല്ലി
ദൈവത്തിൻ ദാസനെ കണ്ടു ഞാൻ ഞെട്ടി
ഒരു സ്തോത്രം പറയാൻ കഴിയാതെ പോയല്ലോ
എന്നിലെ പൊയ്മുഖം വലിച്ചെറിയുവാൻ
നിൻ കൃപ എന്നിൽ ചൊരിയൂ നാഥാ....

## പ്രാർത്ഥനയ്ക്ക്

കല്ലിശ്ശേരി പുത്തേത്ത് പ്രിന്റേഴ്സ് ഉടമ ബ്രദർ ഏ.സി. ഐസക്ക് ബൈക്ക് അപടകത്തെ തുടർന്ന് ഭവനത്തിൽ വിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ സൗഖ്യത്തിനുവേണ്ടി ദൈവജനംപ്രാർത്ഥിക്കുക.

## എസ്.ബി.എസ്. ജനറൽ പ്രയർ

സുവിശേഷകൻ ബാലസംഘം ജനറലിന്റെ പ്രാർത്ഥാ കൂടിവരവ് ജനു. 23-ാം തീയതി വെള്ളി വൈകിട്ട് 6 മുതൽ എസ്.ബി.എസ്. പുത്തൻകാവ് ക്യാമ്പ് സെന്ററിൽ വച്ചു നടക്കുന്നതാണ്. എല്ലാ പ്രാർത്ഥനാ സഹകാരികളും പങ്കെടുക്കുക.

*സി.എം. ചാക്കോ*
*(പ്രയർ കോ- ഓർഡിനേറ്റർ)*

## വിമൻസ് ബൈബിൾ ക്യാമ്പ്

**തൃശ്ശൂർ:** നെല്ലിക്കുന്ന് ബ്രദറൺ ചർച്ചിൽ 2015 ഏപ്രിൽ 13 തിങ്കൾ വൈകിട്ട് 3.30 മുതൽ 17 വെള്ളി വൈകിട്ട് 3 വരെ നടക്കുന്നു. 14 വയസ്സു മുതൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. ക്യാമ്പ് ഫീസ് 100 രൂപയാണ്. ഡാനിയേൽ വർഗീസ് പുനലൂർ, മിസ്സിസ്സ് എൽസി ബേബി (യു.എസ്.എ) എന്നിവർ ലീഡേഴ്സായി ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: Mrs. Mariamma James (Convener), Cheeran House, Nellikkunnu, Thrissur- 5, Ph: 0487- 2427957.

## എസ്.പി.എസ്.എഫ്. സംയുക്ത കൺവൻഷൻ – 2015

തെള്ളിയൂർ ബ്രദറൺ സഭാഹാൾ ഗ്രൗണ്ട് 2015 ഫെബ്രുവരി 3 മുതൽ 8 വരെ. പ്രസംഗകർ: ചാണ്ടപ്പിള്ള ഫിലിപ്പ്, റ്റി.പി കനകരാജ്, ജോസ് മാങ്കുടി, സജീവ് വർഗീസ്, എബി. കെ. ജോർജ്ജ്. പകൽ സമയങ്ങളിൽ ബുധൻ, വ്യാഴം ദിവസങ്ങളിൽ ബൈബിൾ ക്ലാസ്സ്, വെള്ളിയാഴ്ച സോദരീ സമാജം സമ്മേളനം ശനിയാഴ്ച എസ്.ബി.എസ്., വൈ.എം.ഇ.എഫ്. സമ്മേളനം, സ്നാനശുശ്രൂഷ, ഞായറാഴ്ച സംയുക്താരാധന എന്നീ ശുശ്രൂഷകളും രാത്രി യോഗങ്ങളും നടക്കുന്നതാണ്.

*ഈട്ടിക്കൽ കുഞ്ഞുമോൻ (കൺവീനർ)......*

## മുതിർന്ന പൗരന്മാർക്കായുള്ള വിദഗ്ദ്ധ പരിചരണം വാഴൂരിൽ

**തിരുവല്ലാ:** തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ വാഴൂരിൽ പുതിയതായി പണി കഴിപ്പിച്ച ഒയാസീസ് യൂണിറ്റിന്റെ (മുതിർന്ന പൗരന്മാർക്കായുള്ള വിദഗ്ദ്ധ പരിചരണ വിഭാഗം) ഉദ്ഘാടനം ബഹു. കാഞ്ഞിരപ്പള്ളി എം.എൽഎ. ഡോ. എൻ. ജയരാജ് നിർവ്വഹിച്ചു. പ്രസ്തുത വാർഡിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ 9 മുറികൾ പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. 5 മുറികളിൽ നേരത്തെ ബുക്ക് ചെയ്തവർ താമസം ആരംഭിച്ചു കഴിഞ്ഞു. ഇനിയും ബാക്കിയുള്ള 4 മുറികളിലേക്ക് ഇപ്പോൾ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ബുക്ക് ചെയ്യാവുന്നതാണ്.

പ്രാദേശിക ബ്രദറൺ സഭയുടെ സഹകരണത്തിൽ തികഞ്ഞ ആത്മീയ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന ഒയാസീസ് വാർഡിലെ ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന് വിലാസത്തിലോ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

അഡ്നിമിസ്ട്രേറ്റർ, തിരുവല്ലാ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, വാഴൂർ പി.ഓ, കോട്ടയം ജില്ല. പിൻ– 686 504

ഫോൺ: 0481 2456352, 2456322, മൊബൈൽ – 8606814024, 8301884818

### സുവാർത്ത 2015

## ബൈബിൾ പ്രഭാഷണവും ക്രിസ്തീയ സംഗീത വിരുന്നും

**അടൂർ:** ബഥനി ബ്രദറൺ അസംബ്ലി (എം.ജി. റോഡ്) യുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 7,8 തീയതികളിൽ (ശനി, ഞായർ) വൈകിട്ട് 6.30 മുതൽ 8.45 വരെ സുവിശേഷയോഗവും സംഗീത ശുശ്രൂഷയും സഭാഹോളിനു സമീപം തയ്യാറാക്കുന്ന പന്തലിൽ വച്ചു ക്രമീകരിച്ചിരിക്കുന്നു. ജോൺ പി. തോമസ് (എറണാകുളം) വചനശുശ്രൂഷയും ബ്രദർ ഇമ്മാനുവേൽ ഹെൻറിയും സംഘവും സംഗീത ശുശ്രൂഷയും നിർവ്വഹിക്കുന്നതാണ്. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

*പി.എം. ഏബ്രഹാം, സാംകുട്ടി ജോർജ്ജ് (8129568270)*

## സുവിശേഷമഹായോഗം

## 40-ാമത് പുതുപ്പാടി കൺവൻഷൻ

**2015 ഫെബ്രുവരി 10 ചൊവ്വ മുതൽ 14 ശനി വരെ**
**വൈകുന്നേരം 6 മണി മുതൽ 9 മണി വരെ**
**പുതുപ്പാടി ബ്രദറൺ സഭാഹാൾ അങ്കണം**

പ്രസംഗകന്മാർ
സജീവ് വർഗ്ഗീസ് പുതുപ്പള്ളി
ബിനു സാമുവേൽ പത്തനംതിട്ട

ഗാന ശുശ്രൂഷ
കാൽവറി വോയ്സ്
അങ്കമാലി

*എം.ഐ. തോമസ്, വി.യു തോമസ്*

### സുവിശേഷകൻ ബാലസംഘം കോഴിക്കോട് സെന്റർ

## ഏകദിന സമ്മേളനം അനുഗ്രഹകരമായി നടന്നു

**കോഴിക്കോട്:** സുവിശേഷകൻ ബാലസംഘം കോഴിക്കോട് സെന്ററിന്റെ ഒരു ഏകദിന സമ്മേളനം 2014 ഡിസംബർ മാസം 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ കോഴിക്കോട് ബ്രദറൺ സഭാഹാളിൽ വച്ച് അനുഗ്രഹകരമായി നടത്തുവാൻ വലിയവനായ ദൈവം സഹായിച്ചു. സഹോദരന്മാരായ പ്രൊ. പി.പി. സ്കറിയ, അജു തോമസ് എന്നിവർ പ്രാർത്ഥിച്ച് ആരംഭിച്ച സമ്മേളനത്തിൽ കുട്ടികളും ലീഡേഴ്സും ഉൾപ്പെടെ അറുപതോളം പേർ പങ്കെടുത്തു. ബ്രദർ ബിനു ജോസ് (ഒറ്റപ്പാലം) മുഖ്യാതിഥിയായിരുന്നു. "നിന്നെത്തന്നെ സൂക്ഷിച്ചുകൊൾക" (1 തിമൊ. 4:16) എന്നതായിരുന്നു തീം. ജില്ലയിലെ വിവിധ സ്ഥലം സഭകളിൽ നിന്നുള്ള സഹോദരി സഹോദരന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

*സെക്രട്ടറി*

## പ്രാർത്ഥനായോഗം

**അങ്കമാലി:** വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റ് പ്രാർത്ഥനായോഗം ജനുവരി 24-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 മണി വരെ പോത്താനിക്കാട് ടൗൺ ബ്രദറൺ സഭാ ഹാളിൽ വച്ച് (പോത്താനിക്കാട് ഗവ. എൽ.പി. സ്കൂളിന് എതിർവശം പടിഞ്ഞാറ്റിൽ ബിൽഡിംഗിന്റെ ഒന്നാം നിലയിൽ) നടക്കുന്നു. പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

*സ്റ്റാൻലി ഏബ്രഹാം (പ്രസിഡന്റ്),*
*രമേശ് എസ്. നായർ (സെക്രട്ടറി)*

## വൈ.എം.ഇ.എഫ്. പാലക്കാട് യൂണിറ്റിന് പുതിയ ഭാരവാഹികൾ

**നെന്മാറ:** 2014 ഡിസം. 16-ന് മലമ്പുഴ സഭാഹോളിൽ കൂടിയ പൊതുയോഗത്തിൽ വൈ.എം.ഇ.എഫ്. പാലക്കാട് യൂണിറ്റിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്: കെ. ജോൺ വർഗീസ് മലമ്പുഴ, വൈസ് പ്രസിഡന്റ്: പോൾ മാത്യു കഞ്ചിക്കോട്, സെക്രട്ടറി: സി.പി. ജോഫി നെന്മാറ, ജോ. സെക്രട്ടറി: ജോൺ മാത്യൂസ് ധോണി, ട്രഷറാർ: സി.ജി. ദാനിയേൽ അട്ടപ്പാടി. പാലക്കാട് യൂണിറ്റിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

*സെക്രട്ടറി*

### പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

## സഭാഹോൾ പണി ആരംഭിച്ചു

**കായംകുളം:** കായംകുളം ബ്രദറൺ അസംബ്ലിക്കുവേണ്ടി റെയിൽവേസ്റ്റേഷനു സമീപം വാങ്ങിയിരുന്ന സ്ഥലത്ത് ജനു. 12-ന് ഹോൾ പണിയാരംഭിച്ചു. അനേക വിശുദ്ധന്മാരുടെയും അയൽസഭകളിലെ സുവിശേഷകന്മാരുടെയും സാന്നിധ്യത്തിൽ സുവിശേഷകൻ ശാമുവേൽ തോമസ് പ്രാർത്ഥിച്ച്, സുവി.ജോസ് ജോൺ മല്ലശ്ശേരി തറക്കല്ലിട്ടു. സുവിശേഷകൻ ജോൺ വർഗീസ് (മുംബൈ) പ്രസംഗിച്ചു. ഈ സഭാഹോളിന്റെ പൂർത്തീകരണത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

*ജയിംസ് വർഗീസ്*

**ചിന്ത**
*റ്റി. വി. എസ്.*

# ദൈവിക കരങ്ങളാൽ ഉഴുതുമറിക്കപ്പെടുമ്പോൾ

**ഓ**രോ വ്യക്തിയും ആഗ്രഹിക്കുന്നത് ജീവിതം കഷ്ടത കൂടാതെ കീറപ്പെടാതെ തകർക്കപ്പെടാതെ അടിച്ചുപൊളിച്ച് ജീവിക്കാനാണ്. അല്പായുസ്സുള്ള മനുഷ്യന്റെ ആഗ്രഹം എത്രയോ വലിയതാണ്. അതിന് സാമ്പത്തികം ആവശ്യമാകയാൽ അത് ലഭിക്കാതെ വരുമ്പോൾ അന്യന്റെ മുതലെടുത്തും, അയൽപക്കക്കാരനെ കൊന്നും സ്വർണ്ണം മുതലായ വിലയേറിയ സാധനങ്ങൾ മോഷ്ടിച്ചും കാര്യങ്ങൾ നേടുന്നു. എന്നാൽ പലരും പോലീസ് വലയിൽ ചെന്നു വീഴുന്നു. ഇത് സ്വാർത്ഥതയുടെ മറ്റൊരു മുഖമാണ്. എന്നാൽ ഒരു ദൈവപൈതലിന്റെ ജീവിതം മനോഹരവും ശോഭനവും ആയിത്തീരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മിൽ ആത്മഫലങ്ങളുടെ രൂപഭംഗിയാണ് ദൈവം ഉദ്ദേശിക്കുന്നത്. ആ നിലയിൽ നമ്മിൽ ദർശിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു പക്ഷെ ദൈവം ഉഴുത് നിലം നന്നായി ഒരുക്കുന്നത് പോലെ നമ്മുടെ ജീവിതത്തെയും ഒരുക്കിയെന്നു വരാം.

ഒരിക്കൽ ഒരു കലാകാരൻ പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനു ഒരു നദീതീരത്തു കൂടെ നടന്നു പോകയാണ്. നദിയുടെ ഒരു വശത്ത് മനോഹരമായ പുൽപ്പരപ്പ് ദർശിക്കാൻ ഇടയായി. പച്ച പരവതാനി വിരിച്ചൊരുക്കിയതുപോലെ മനോഹരമായ ഒരു പുൽപരപ്പ് – അതിന്റെ ഒരു വശത്ത് മനോഹരമായ പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. അതിൽ വളർന്നു നിൽക്കുന്ന ഒരു വലിയ വൃക്ഷം. അതിൽ അനേകം പക്ഷികൾ അഭയം കണ്ടെത്തിയിട്ടുണ്ട്., അവയ്ക്ക് നാളയെക്കുറിച്ച് ലവലേശം ഭയം ഇല്ലാത്തതിനാൽ അവ പാടുകയും സന്തോഷിക്കയും ചെയ്യുന്നു. അതിന്റെ തണലിൽ രണ്ടു പശുക്കൾ വിശ്രമിക്കുന്നു. അവ തണലിൽ കിടന്ന് ഭക്ഷിച്ച ആഹാരത്തെ ഒന്നും കൂടെ ചവച്ചരയ്ക്കുന്നു. സംതൃപ്തിയുടെ മനോഹരമായ ഒരു ചിത്രം തന്നെ.

അദ്ദേഹം പ്രപഞ്ചശില്പിയായ ദൈവത്തിന്റെ കൈവേലയായ പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനായി പിറ്റെ ദിവസം ആ പുൽപ്പരപ്പിനെ ലക്ഷ്യം വച്ച് നടന്നു ചെന്നു. അപ്പോൾ അവൻ കണ്ടത് നിരാശാജനകമായ ഒരു കാഴ്ചയാണ്. കഴിഞ്ഞ ദിവസം അവന്റെ മനസ്സിനെ കുളിർപ്പിച്ച ഒരു പുൽപ്പുറം ഉഴുതു മറിച്ചിട്ടിരിക്കുന്നു. അതിന്റെ ഉടമയായ കർഷകനാണ് അത് ഉഴുതു മറിച്ചിട്ടിരിക്കുന്നത് എന്ന് അറിഞ്ഞു. ചുവപ്പു നിറത്തോടു കൂടിയ മണ്ണും, ചില പുഴുക്കളേയും മണ്ണിരയേയും കൊത്തിപ്പറിക്കുന്ന കുറെ കിളികളെയും താൻ അവിടെ കണ്ടു. തന്റെ മനസ്സിന്റെ ഉപരിതലത്തിൽ കാർമേഘങ്ങൾ വ്യാപരിക്കുന്നതു പോലെ തനിക്കു തോന്നി. ദുഃഖിതനായി താൻ മടങ്ങി. ചില നാളുകൾക്കു ശേഷം വീണ്ടും അദ്ദേഹം അവിടെ ചെന്നപ്പോൾ കണ്ടത് മറ്റൊരു ദൃശ്യമാണ്. മനോഹരമായി വിളഞ്ഞു നിൽക്കുന്ന ചോളവും ഇളം കറ്റിനാൽ ആടിയുലയുന്ന നെൽക്കതിരുകളും ആണ്. അതു കണ്ടപ്പോൾ തന്റെ മനോഭാരങ്ങൾ കാറ്റുകൊണ്ട് ഓടുന്ന മേഘങ്ങളെപ്പോലെ മാഞ്ഞു പോയി.

ക്രിസ്തീയ ജീവിതം ഒരുവനിൽ രൂപം കൊള്ളുമ്പോൾ സന്തോഷം സംതൃപ്തി, സമൃദ്ധി എന്നിവ നൽകുന്ന പച്ചയായ പുൽപ്പുറത്തിന്റെ അനുഭവം ഉണ്ടായി എന്നു വരാം. അനേകം പച്ചപിടിച്ച ജീവിത സാഹചര്യം അവന് അനുഭവപ്പെട്ടു എന്ന് വരാം. എന്നാൽ ദൈവം അതിൽ തൃപ്തിപ്പെട്ടു കൊള്ളണം എന്നില്ല. അതുകൊണ്ട് കർഷകൻ ചെയ്തതു പോലെ തന്റെ മക്കളെ ഫലപ്രദമായ രീതിയിൽ മറ്റൊന്നായി രൂപാന്തരപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതിനാൽ കർഷകൻ പുൽമൈതാനത്തെ ചെയ്തതു പോലെ നമ്മുടെ ജീവിതത്തെയും ഉഴുതുമറിച്ചുഎന്നു വരാം. അതു നമുക്ക് വേദന ഉളവാക്കുന്നതാകാം. നശിപ്പിക്കാനല്ല പിന്നെയോ അതിൽ നല്ലതും മനോഹരവുമായ വിത്ത് വിതച്ച് അനേകർക്ക് ഉപകാരപ്രദമായ ഒരു ജീവിതത്തെ പടുത്തുയർത്താനാണ്. അങ്ങനെ നമ്മെ അനേകർക്ക് ഉപകാര പ്രദമായ ഒരു ജീവിതം കാഴ്ചവയ്ക്കേണ്ടതിന് സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ളൊരു സ്വന്ത ജനമായി തീരേണ്ടതിനും അവൻ രൂപപ്പെടുത്തുകയാണ്. അതിനായി ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം. തന്റെ ഹിതം പോലെ നമ്മെ പണിയട്ടെ. അതു മൂലം പ്രതിഫലങ്ങളെ കൊയ്തെടുക്കുവാൻ ഇടയാകട്ടെ. ●


**SUVISESHA DHWANI**
Fortnightly
Vol. 37 Issue 36
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com
**17.01.2015**

REGISTERED
*Reg. No. RN 29475/78*
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.